പ്രതീക്ഷയുടെ

# പൂമൊട്ടുകൾ

നോമ്പ് - ഉയിർപ്പ് ലക്കം - 2011




പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്




അലിവേറുമമ്മേ, ആശ്രയത്തിൻ നിറവേ!
താതന്റെ മൊഴികൾ തന്നാഴമറിയാതെയും
തവഹിതം നിറവേറട്ടെയെന്നിലെന്നാ-
ത്മാർത്ഥമായുണർത്തിച്ചു നീ.

തിരുസുതന്റെ പൂമേനി മടിയിൽകിടത്തി
പേമാരിപോലാർത്തു പെയ്ത നൊമ്പരത്തിലും
മൂന്നാംദിനേയവനുയിർക്കുമെന്ന പ്രത്യാശ
ഞങ്ങൾക്കുപകർന്നു നീ ധീരയാമമ്മേ!

ജീവിതക്കടൽ നൊമ്പരത്തിരകളിലുലയുമ്പോൾ
തുഴയില്ലാതടിയങ്ങളാഴത്തിൽ വലയുമ്പോൾ
കരമേകാൻ ചാരത്തായണയൂ നീ സുതനൊപ്പം
അകതാരിൽ തെളിയട്ടെ ഉത്ഥാനപ്രഭയെന്നും!

വിശുദ്ധിയുടെ മാതൃകയായ മറിയത്തിന്റെ വിമലഹൃദയമേ
വിശുദ്ധിയിൽ വളർന്നുവരുവാൻ ഞങ്ങളെ സഹായിക്കണമേ

# പ്രതീക്ഷയുടെ പൂമൊട്ടുകൾ



വാല്യം 3 നോമ്പ്-ഉയിർപ്പ് ലക്കം 2011


"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3).

## ഉള്ളടക്കം


- വിശുദ്ധിയും മാക്സിമലിസവും 3
- കൗദാശിക ആദ്ധ്യാത്മികത 6
- നില്ക്കൂ...ശ്രദ്ധിക്കൂ!! ദൈവം സംസാരിക്കുന്നു 9
- കുട്ടികളും കുടുംബവും 11
- ശുഭയാത്രയിലെ വഴിമുടക്കികൾ 13
- വികസനത്തിന് പരിസ്ഥിതിയുടെ പാത 15
- തുളുമ്പുന്ന കുടം 17
- ജീവിതത്തിൽ വിജയം നേടാൻ... 19
- വിരുന്ന് 21
- ദൈവത്തിൻ മനമാരുകണ്ടു? 22
- പെണ്ണിനെ ഇഷ്ടമായി, പക്ഷേ... 24
- ഉത്ഥിതനെ കണ്ട കണ്ണുകൾ 26
- സഹനത്തീയിൽ ഉരുകിത്തെളിഞ്ഞ് 27
- ഈശോയുടെ കത്ത് 30
- കഴുതയുടെ ദുർവിധി 32



സ്പിരിച്ചൽ ഡയറക്ടർ:
റവ. ഫാ. മാത്യു വെള്ളാനിക്കൽ

ചീഫ് എഡിറ്റർ:
ഷിനി മുതുപ്ലാക്കൽ എ.ഒ.

എഡിറ്റോറിയൽ ബോർഡ്:
സുജ ചോതിരക്കുന്നേൽ എ.ഒ.
റ്റെസി കറുകപ്പറമ്പിൽ എ.ഒ.
ഷീലമ്മ പൂതക്കുഴി എ.ഒ

അഡ്വൈസറി ബോർഡ്:
റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ
അന്നമ്മ കുളത്തുപുരയിടം എ.ഒ.

സർക്കുലേഷൻ മാനേജർ:
മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ



വാർഷിക വരിസംഖ്യ -50/-

ലേഔട്ട് & പ്രിന്റിങ്:
വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം. Tel: 2570862
Email: wigipress@gmail.com



പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്
സ്പിരിച്ച്വാലിറ്റി സെന്റർ
മാങ്ങാനം പി.ഒ.,
കോട്ടയം 686 018
ഫോൺ: 0481-2578192,2309774
Email: prosanctity@gmail.com

പ്രതീക്ഷയുടെ പൂമൊട്ടുകൾ

എഡിറ്റോറിയൽ

# നിത്യമായ സമാധാനം



അസമാധാനവും അശാന്തിയും നിറഞ്ഞ ജീവിതങ്ങൾ
നമുക്കു ചുറ്റുമുണ്ട്.
അസന്തുഷ്ടിയുടെയും അസ്വസ്ഥതയുടെയും
വികാരങ്ങൾ ഉള്ളിൽ അലയടിക്കുന്ന അവസരങ്ങൾ നമുക്കുമുണ്ടാകാം.
സ്വസ്ഥതയും ശാന്തതയും തേടി നെട്ടോട്ടമോടിയിട്ടു കാര്യമില്ല.
നിത്യമായ സമാധാനത്തിന്റെ ഉറവിടം ഉത്ഥിതനായ മിശിഹാ മാത്രം...
"നിങ്ങൾക്കു സമാധാനം" (യോഹ 20,19).
ഉത്ഥിതനായ മിശിഹായുടെ സമ്മാനമാണ് സമാധാനം!
നമ്മുടെയുള്ളിൽ വസിക്കുന്ന ദൈവസ്വരത്തിനു കാതോർത്ത്,
അതനുസരിച്ച് ജീവിക്കുമ്പോൾ യഥാർത്ഥമായ സന്തോഷവും
നിത്യമായ സമാധാനവും ലഭിക്കും.
ഒന്നോർക്കുക!!
ദാരുണമായ കുരിശുമരണത്തിനുശേഷമാണ് ദൈവപുത്രൻ ഉത്ഥിതനായത്.
മരണത്തിന് വിധേയരാകുന്നവരേ ഉത്ഥാനത്തിന്റെ മഹത്ത്വത്തിലേക്കു പ്രവേശിക്കൂ...
അനുദിനജീവിതത്തിന്റെ ഭാരമേറിയ കുരിശു പേറുന്നവനാണ്
മഹത്ത്വത്തിന്റെ കിരീടത്തിനവകാശി!!
കുരിശിന്റെ ഭാരം താങ്ങാൻ തീർച്ചയായും ഉത്ഥിതനും നമ്മോടൊപ്പമുണ്ട്.
നമ്മുടെ രക്ഷയ്ക്ക് നിദാനമായിത്തീർന്ന
ഈശോയുടെ പെസഹാരഹസ്യങ്ങളുടെ ഓർമ്മ
കൂടുതൽ ധ്യാനവിഷയമാക്കിക്കൊണ്ട് ഈ നോമ്പുകാലം കൂടുതൽ ചൈതന്യവത്താക്കാം;
ഉത്ഥിതന്റെ സമാധാനം സ്വീകരിക്കാം.
ഏവർക്കും ആശംസകൾ...

**ഷിനി മുതുപ്ലാക്കൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്




# വിശുദ്ധിയും മാക്സിമലിസവും

ഡോ. മാത്യു വെള്ളാനിക്കൽ


സഭയിൽ എല്ലാവരും വിശുദ്ധിയിലേക്ക് വിളിക്കപ്പെട്ടിരിക്കുന്നു എന്നത് സഭയുടെ ഔദ്യോഗിക പ്രബോധനമാണ്. എന്നാൽ എന്താണ് വിശുദ്ധി എന്നതിനെപ്പറ്റി സഭയിൽ എല്ലാവർക്കും ഒരുപോലെയുള്ള കാഴ്ചപ്പാടില്ല. പരിശുദ്ധനായി ഒരുവൻ മാത്രമേയുള്ളു. അത് ദൈവമാണ്. മനുഷ്യരെല്ലാം പാപബദ്ധരാണ്. ദൈവം സ്വന്തമാക്കുന്നതും സ്വന്തമാക്കുന്നവരും മാത്രമാണ് പരിശുദ്ധവും പരിശുദ്ധരും. ദൈവം സ്വന്തമാക്കി, വിശുദ്ധീകരിച്ച്, ലോകത്തിലേയ്ക്കയച്ച ദൈവപുത്രനായ ഈശോ മാത്രമാണ് (യോഹ 10,36) മനുഷ്യരുടെ പരിശുദ്ധിക്ക് ഏക മാതൃകയും ഉറവിടവും. ഈശോ ലോകത്തിലേക്കു വന്നത് ഈ പരിശുദ്ധി മനുഷ്യനു വെളിപ്പെടുത്തുവാനും ഈ പരിശുദ്ധിയിലേക്ക് എല്ലാ മനുഷ്യരെയും എടുക്കുവാനുമാണ്. ദൈവത്തിന്റെ പരിശുദ്ധി ഈശോ വെളിപ്പെടുത്തിയത് പരമാവധി സ്നേഹം അഥവാ മാക്സിമലിസം ജീവിച്ചുകൊണ്ടാണ്. മനുഷ്യനായി പിറന്ന നിമിഷം മുതൽ കുരിശുമരണം വരെ പരമാവധി സ്നേഹം ജീവിച്ചുകൊണ്ട് ഈശോ ഈ 'മാക്സിമലിസം' ലോകത്തിനു വെളിപ്പെടുത്തി. അതിന്റെ ഏറ്റം മഹത്തായ നിമിഷങ്ങളായിരുന്നു സെനക്കിൾ. ഈ സെനക്കിൾ ആദ്ധ്യാത്മികതയാണ്, മാക്സിമലിസമാണ്, മാമ്മോദീസായിലൂടെ ദൈവത്തിന്റെ സ്വന്തമാക്കപ്പെട്ട, വിശുദ്ധീകരിക്കപ്പെട്ട, എല്ലാവരും ജീവിക്കേണ്ടത്.

സെനക്കിൾ എന്ന പദം 'ചെനാക്കുളും' എന്ന ലത്തീൻ പദത്തിൽനിന്നും ഉത്ഭവിക്കുന്നതാണ്. 'അത്താഴമുറി' എന്നാണ് അതിന്റെ അർത്ഥം. ഈശോ തന്റെ ശിഷ്യരുമൊത്ത് അന്ത്യത്താഴം കഴിക്കുകയും, പരി. കുർബാന സ്ഥാപിക്കുകയും ചെയ്തുകൊണ്ട് തന്റെ ജീവിതത്തിനു സമാപനം കുറിച്ച വേദി എന്ന നിലയിലും ശ്ലീഹന്മാർ പരി. കന്യകാമറിയത്തോടും ശിഷ്യസമൂഹത്തോടുമൊന്നിച്ച് പരിശുദ്ധാത്മാവിനെ സ്വീകരിച്ച് സഭയ്ക്ക് തുടക്കം കുറിച്ച വേദി എന്ന നിലയിലും 'സെനക്കിളി'ന് ക്രൈസ്തവപാരമ്പര്യത്തിൽ അതുല്യമായ ഒരു സ്ഥാനം കൈവന്നു. ഈശോയും സഭയുമായി ബന്ധപ്പെട്ട വേദി എന്ന നിലയിൽ ക്രിസ്തീയ ആദ്ധ്യാത്മികതയുടെ തനിമയാർന്ന ഒരു ഉറവിടമായി സെനക്കിൾ ഇന്നും പരിഗണിക്കപ്പെടുന്നു. ഈ സെനക്കിൾ ആദ്ധ്യാത്മികത സഭയിലെ എല്ലാ വിഭാഗങ്ങൾക്കും തികച്ചും പ്രസക്തമായ ഒന്നാണ്. പൗരോഹിത്യവും പരി. കുർബാനയും സ്ഥാപിക്കപ്പെട്ട ഇടമെന്ന നില

യിൽ സെനക്കിൾ ആദ്ധ്യാത്മികതയ്ക്ക് പൗരോഹിത്യ ആദ്ധ്യാത്മികതയോട് ഒരു പ്രത്യേക ബന്ധം ഉണ്ടെന്നുള്ളതിൽ സംശയമില്ല. എങ്കിലും അത് എല്ലാ ക്രൈസ്തവർക്കും പ്രസക്തമാണ്. അതുകൊണ്ട്, ഈ ആദ്ധ്യാത്മികതയുമായി പരിചയപ്പെടുവാൻ ഈ പംക്തി പ്രയോജനപ്പെടുത്താം.

**സെനക്കിളിന്റെ രണ്ടു രംഗങ്ങൾ**

സെനക്കിളിന് രണ്ട് രംഗങ്ങളുണ്ട്. 1. തന്റെ പീഡാനുഭവത്തിനും മരണത്തിനും ഉത്ഥാനത്തിനും മുമ്പ് ഈശോ ശിഷ്യരോടൊന്നിച്ച് ജീവിതത്തിന്റെ അന്ത്യ നിമിഷങ്ങൾ ചെലവഴിച്ച രംഗം (യോഹ 13-17). 2. ശ്ലീഹന്മാർ പരി. കന്യകാമറിയവും അന്ന് ഈശോയിൽ വിശ്വസിച്ചിരുന്ന ശിഷ്യസമൂഹവുമൊന്നിച്ച് പരിശുദ്ധാത്മാവിന്റെ വരവ് പ്രതീക്ഷിച്ച് പ്രാർത്ഥനയിൽ മുഴുകിയിരുന്ന രംഗം (ശ്ലീഹ. നട 1,13-14; 2,1-13). ഈ രണ്ടു രംഗങ്ങളും ചേർന്നെങ്കിൽ മാത്രമേ സെനക്കിളിന്റെ പൂർണ്ണരൂപം നമുക്കു കണ്ടെത്താൻ കഴിയൂ. ഒന്നാം രംഗം ഈശോയുടെ ഈലോകജീവിതത്തിന്റെ പൂർത്തീകരണ രംഗമാണ്. അവിടേക്കു കടന്നു വരുവാൻ ഈശോ അത്യധികം ആഗ്രഹിച്ചു (ലൂക്കാ 22,15). രണ്ടാം രംഗം സഭയുടെ ജനന നിമിഷമാണ്. അവിടെയാണ് പന്തക്കുസ്താനുഭവത്തോടെ സഭാജീവിതത്തിന് തുടക്കം കുറിച്ചത് (ശ്ലീഹ. നട 2,1-13).



**മിശിഹായുടെ രക്ഷാകരസ്നേഹത്തിന്റെ വെളിപ്പെടുത്തൽ**

മിശിഹായിലൂടെ ദൈവം പൂർത്തിയാക്കിയ രക്ഷാകരപദ്ധതിയുടെ രഹസ്യം അതിന്റെ പൂർണ്ണതയിൽ വെളിപ്പെടുത്തപ്പെട്ട വേദിയാണ് സെനക്കിൾ. ഈശോമിശിഹായുടെ പീഡാനുഭവത്തിലും മരണത്തിലും ഉത്ഥാനത്തിലും കേന്ദ്രീകൃതമായിട്ടാണല്ലോ ദൈവം തന്റെ രക്ഷാകരപദ്ധതി വെളിപ്പെടുത്തിയതും പൂർത്തിയാക്കിയതും. ഈ വെളിപ്പെടുത്തലിന്റെ നിർണ്ണായക നിമിഷങ്ങളായിരുന്നു സെനക്കിളിന്റെ ഈ രണ്ടു രംഗങ്ങൾ. യോഹന്നാൻ ഈ രക്ഷാകരരഹസ്യത്തെ വിശേഷിപ്പിക്കുന്നത് 'കടന്നുപോകൽ' എന്നാണ്. 'പെസഹാ' എന്ന സുറിയാനിപദത്തിന്റെ അർത്ഥം 'കടന്നുപോകൽ' എന്നാണ്. അതുകൊണ്ട് ഈ രഹസ്യത്തെ 'പെസഹാരഹസ്യം' എന്നും വിശേഷിപ്പിക്കാം. ഈ രഹസ്യമാണ് ഈ സെനക്കിൾ രംഗങ്ങളിൽ നിറഞ്ഞുനില്ക്കുന്നതെന്നും അതിന്റെ പിന്നിൽ പ്രവർത്തിക്കുന്നത് ദൈവത്തിന്റെ 'രക്ഷാകരസ്നേഹ'മാണെന്നും ആരംഭത്തിൽതന്നെ യോഹന്നാൻ സുവിശേഷകൻ സൂചിപ്പിക്കുന്നുണ്ട്: "പെസഹാ തിരുനാളിനു മുമ്പ് തനിക്ക് ഈ ലോകത്തിൽനിന്നും പിതാവിന്റെ പക്കലേക്കു പോകാനുള്ള സമയമായി എന്നറിഞ്ഞ് ഈശോ ലോകത്തിൽ തനിക്ക് സ്വന്തമായുള്ളവരെ സ്നേഹിച്ചു; അവസാനം വരെ സ്നേഹിച്ചു" (13,1).

**ദൈവത്തിന്റെ പരമാവധി സ്നേഹത്തിന്റെ വെളിപ്പെടുത്തൽ**


രക്ഷാകരരഹസ്യം മനുഷ്യകുലത്തോടുള്ള ദൈവത്തിന്റെ പരമാവധി സ്നേഹത്തിന്റെ രഹസ്യമാണെന്ന് യോഹന്നാൻശ്ലീഹാ സൂചിപ്പിക്കുന്നുണ്ട്: "ലോകത്തിൽ തനിക്ക് സ്വന്തമായുള്ളവരെ അവിടുന്നു സ്നേഹിച്ചു; അവസാനംവരെ സ്നേഹിച്ചു" (13,1) എന്ന പ്രസ്താവനയോടെയാണ് സെനക്കിളിലേക്ക് ഈശോ പ്രവേശിക്കുന്നത്. 'അവസാനം വരെ' എന്നതിന് മൂലഭാഷയിൽ ഉപയോഗിച്ചിരിക്കുന്ന വാക്കിന് 'ജീവിതാന്ത്യം വരെ' എന്നും 'പൂർണ്ണതയിൽ' എന്നും അർത്ഥമുണ്ട്. ദൈവത്തിന്റെ സ്നേഹം പൂർണ്ണതയിലുള്ള സ്നേഹമാണ്. ദൈവം മനുഷ്യനെ സ്നേഹിച്ചത് പരമാവധിയാണ്: "തന്നിൽ വിശ്വസിക്കുന്നവരാരും നശിച്ചുപോകാതെ അവർക്കു നിത്യജീവൻ ഉണ്ടാകുവാൻ വേണ്ടി തന്റെ ഏകജാതനെ നല്കുവാൻ തക്കവണ്ണം ദൈവം ലോകത്തെ അത്ര മാത്രം സ്നേഹിച്ചു" (യോഹ 3,16). ഈശോയുടെ സ്നേഹവും പരമാവധിയാണ്: "ഒരു മനുഷ്യൻ തന്റെ സ്നേഹിതർക്കുവേണ്ടി സ്വജീവൻ അർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല" (യോഹ 15,13). ഈ പരമാവധി സ്നേഹത്തിന്റെ വെളിപ്പെടുത്തലാണ് ഈശോയുടെ പീഡാനുഭവത്തിലും മരണത്തിലും ഉത്ഥാനത്തിലും യാഥാർത്ഥ്യമായത്. ഈ സ്നേഹത്തിനാണ് സെനക്കിൾ രംഗങ്ങൾ സാക്ഷ്യം വഹിച്ചത്.


**പരി. കുർബാനയും പൗരോഹിത്യവും ദൈവസ്നേഹത്തിന്റെ ശാശ്വതീകരണം**

സെനക്കിൾ പരി. കുർബാനയുടെയും പൗരോഹിത്യത്തിന്റെയും സ്ഥാപനവേദിയാണ്. സെനക്കിളിൽ വെളിപ്പെടുത്തപ്പെട്ട രക്ഷാകരസ്നേഹത്തിന്റെ ഓർമ്മയാചരിക്കലാണ് പരി. കുർബാന. അത് ആചരിക്കുവാൻ നിയുക്തമായ ശുശ്രൂഷയാണ് പൗരോഹിത്യം: "ഞാൻ ഈ ചെയ്തത് എന്റെ ഓർമ്മയ്ക്കായി നിങ്ങൾ ചെയ്യുവിൻ" (ലൂക്കാ 22,19). പൗരോഹിത്യമില്ലെങ്കിൽ പരി. കുർബാനയില്ല; പരി. കുർബാനയില്ലെങ്കിൽ സഭയില്ല. സഭയില്ലെങ്കിൽ മിശിഹായിലൂടെയുള്ള ദൈവത്തിന്റെ രക്ഷാകരപദ്ധതി മനുഷ്യകുലത്തിൽ പൂർത്തീകരിക്കുവാൻ മറ്റു മാർഗ്ഗങ്ങളൊന്നുമില്ല. മനുഷ്യകുലത്തോടുള്ള ദൈവത്തിന്റെ ഈ രക്ഷാകരമായ സ്നേഹം -പരമാവധിസ്നേഹം- പരി. കുർബാനയിലൂടെയും പൗരോഹിത്യത്തിലൂടെയും തിരുസ്സഭയിലൂടെയും ലോകാവസാനത്തോളം ശാശ്വതീകരിക്കപ്പെട്ടിരിക്കുന്നു.

**സെനക്കിൾ ആദ്ധ്യാത്മികത: പരമാവധിസ്നേഹത്തിനു പ്രത്യുത്തരം**

മിശിഹായിലൂടെ മനുഷ്യനു നല്കപ്പെട്ട ദൈവത്തിന്റെ പരമാവധിസ്നേഹത്തിന് പ്രത്യുത്തരിക്കുന്നതാണ് സെനക്കിൾ ആദ്ധ്യാത്മിത. ദൈവത്തിന്റെ പരമാവധിസ്നേഹത്തിന് മനുഷ്യൻ പ്രത്യുത്തരിക്കുമ്പോൾ അത് അവനെ ദൈവസ്നേഹത്തിലും പരസ്നേഹത്തിലും വളർത്തും. ഏറ്റം വലിയ കല്പന എന്നു വിശേഷിപ്പിക്കപ്പെടുന്ന ദൈവസ്നേഹവും പരസ്നേഹവും (മത്താ 22,34-40) അതിന്റെ പൂർണ്ണതയിൽ ജീവിക്കുന്നതിന് അടിസ്ഥാനമായിത്തീരുന്നത് ദൈവത്തിന്റെ ഈ പരമാവധിസ്നേഹത്തിന് മനുഷ്യൻ നല്കുന്ന പ്രത്യുത്തരമാണ്. ഇതാണ് സെനക്കിൾ ആദ്ധ്യാത്മികത അഥവാ പരമാവധിസ്നേഹത്തിന്റെ ആദ്ധ്യാത്മികത. ഇതുതന്നെയാണ് വിശുദ്ധി. ഈ വിശുദ്ധിയെയാണ് വിശുദ്ധിയുടെ പ്രേഷിതകുടുംബത്തിന്റെ സ്ഥാപകനായ വില്യം ജക്വീൻതാ പിതാവ് 'മാക്സിമലിസം' എന്ന് വിശേഷിപ്പിക്കുന്നത്. ഈ 'മാക്സിമലിസം' അഥവാ 'വിശുദ്ധി' ജീവിക്കുവാൻ സ്വയം സമർപ്പിച്ച് പ്രതിജ്ഞാബദ്ധരായ 'അപ്പസ്തോലിക് ഒബ്ലേറ്റ്സ്', 'അപ്പസ്തോലിക് സൊഡാലസ്', 'സോഷ്യൽ ആനിമേറ്റേഴ്സ്' എന്നീ മൂന്നു ഇൻസ്റ്റിറ്റ്യൂട്ടുകളെയാണ് 'ഫാമിലി ഓഫ് അപ്പസ്തോലിക് മാക്സിമലിസം' അഥവാ 'പരമാവധിസ്നേഹത്തിന്റെ പ്രേഷിതകുടുംബം' എന്ന് ദൈവദാസനായ വില്യം ജക്വീൻതാ പിതാവ് വിശേഷിപ്പിക്കുന്നത്.





# കൗദാശിക ആദ്ധ്യാത്മികത

ഡോ. തോമസ് പൂവത്താനിക്കുന്നേൽ
ഗുഡ്ഷെപ്പേർഡ് മേജർ സെമിനാരി, കുന്നോത്ത്

ആധ്യാത്മികത, ആധ്യാത്മിക മനുഷ്യൻ എന്നതെല്ലാം നാമേറെ പറയാറുള്ള വാക്കുകളാണ്. വിശ്വാസജീവിതതലത്തോട് ബന്ധപ്പെടുത്തിയാണ് ഇവ കടന്നുവരുന്നത്. വിശ്വാസജീവിതം ഈ ലോകത്തിനും പ്രപഞ്ചത്തിനും അതീതമായി, എന്നാൽ ഇവയെയെല്ലാം നിർബന്ധമായും സ്വാധീനിക്കുന്ന, ഇവയോട് ബന്ധിതമായിരിക്കുന്ന ഒരു അപരിമേയ യാഥാർത്ഥ്യവുമായുള്ള ബന്ധമാണ്, അഥവാ അപരിമേയ തലത്തിലേക്ക് എത്തിനില്ക്കുന്ന സത്യമാണ്. അതായത് വിശ്വാസജീവിതം ദൈവവുമായി ബന്ധപ്പെട്ടിരിക്കുന്നു. ആധ്യാത്മിക ജീവിതമാകട്ടെ ഈ അപരിമേയ, അലൗകിക സത്യത്തിന്റെ അനുഭവത്തിൽ ഈ ലോകത്തിലുള്ള ഒരുവന്റെ ജീവിതമാണ്. ഇവിടെ ലോകത്തെക്കാൾ ദൈവികസത്യങ്ങൾ ഒരുവന്റെ ജീവിതക്രമങ്ങളെയും വ്യാപാരങ്ങളെയും സ്വാധീനിക്കുന്നു, നിയന്ത്രിക്കുന്നു. വിശുദ്ധ യോഹന്നാൻ ശ്ലീഹായുടെ അവതരണത്തിൽ (യോഹ 17:14 -15) ഇത് ഒരുവന്റെ "ഈ ലോകത്തിൽ ലോകത്തിന്റേതല്ലാതെയുള്ള" ജീവിതമാണ്". "നാം സ്വീകരിച്ചിരിക്കുന്നത് ലോകത്തിന്റെ ആത്മാവിനെയല്ല; പ്രത്യുത ദൈവം നമുക്കായി വർഷിക്കുന്ന ദാനങ്ങൾ മനസ്സിലാക്കാൻവേണ്ടി ദൈവത്തിന്റെ ആത്മാവിനെയാണ്" (1 കോറി 2:12).

ആധ്യാത്മിക മനുഷ്യന് വിരുദ്ധമാണ് ലൗകികമനുഷ്യൻ. ലൗകിക മനുഷ്യനെ ഈ ലോകയാഥാർത്ഥ്യങ്ങളും സ്വപ്നങ്ങളുമാണ് നയിക്കുന്നത്. ആത്മീയ മനുഷ്യനാകട്ടെ അരൂപിയിൽ നയിക്കപ്പെടുന്നു. ദൈവാരൂപിയാണ് ആദിസൃഷ്ടിയിൽ മനുഷ്യനെ ദൈവിക സാദൃശ്യവും ഛായയും ഉള്ളവനാക്കി ദൈവിക സാന്നിധ്യം നിറഞ്ഞുനിലക്കുന്ന പറുദീസാവാസിയാക്കിത്തീർത്തത് (ഉല്പത്തി 1:26; 2:7). അരൂപിയുടെ നിയന്ത്രണത്തിൽ നിന്നുവിട്ട് ലോകത്തിന്റെ സ്വാധീനത്തിന് സ്വയം അർപ്പിച്ചപ്പോൾ "ആ വൃക്ഷത്തിൻെറ പഴം ആസ്വാദ്യവും, കണ്ണിനു കൗതുകകരവും, അറിവേകാൻ കഴിയുമെന്നതിനാൽ അഭികാമ്യവും ആണെന്നു കണ്ട് അവൾ അതു പറിച്ചുതിന്നു. ഭർത്താവിനും കൊടുത്തു; അവനും തിന്നു". ഉല്പത്തി 3:6). മനുഷ്യൻ പറുദീസായ്ക്ക് പുറത്താകും വിധം ദൈവത്തിൽ നിന്ന് അകന്നുപോകുന്നു എന്നതും വിശുദ്ധ ഗ്രന്ഥം സാക്ഷിക്കുന്നു. "ലൗകിക മനുഷ്യന് ദൈവാത്മാവിന്റെ ദാനങ്ങൾ ഭോഷത്തമാകയാൽ അവൻ അതു സ്വീകരിക്കുന്നില്ല. ഈ ദാനങ്ങൾ ആത്മീയമായി വിവേചിക്കപ്പെടേണ്ടവയാകയാൽ അവ ഗ്രഹിക്കാനും അവനു സാധിക്കുന്നില്ല.

ആത്മീയമനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു" (1 കോറി 2:14-15). സഹോദരരേ, എനിക്കു നിങ്ങളോട്, ആത്മീയ മനുഷ്യരോട് എന്നതുപോലെ സംസാരിക്കാൻ സാധിച്ചില്ല. ജഡികമനുഷ്യരോട് എന്നതുപോലെയും മിശിഹായെക്കുറിച്ചുള്ള അറിവിന്റെ കാര്യത്തിൽ പൈതങ്ങളോട് എന്നതുപോലെയുമാണ് നിങ്ങളോടു ഞാൻ സംസാരിച്ചത്... എന്തെന്നാൽ, നിങ്ങൾ ഇപ്പോഴും ജഡികമനുഷ്യർതന്നെ. നിങ്ങളുടെ ഇടയിൽ അസൂയയും തർക്കവും നിലനിൽക്കുമ്പോൾ നിങ്ങൾ ജഡികരും സാധാരണക്കാരുമല്ലേ?" (1 കോറി 3:1,3).

ഇപ്രകാരം പറുദീസായിൽ നിന്ന് അഥവാ ദൈവികമേഖലകളിൽനിന്നു പുറത്തായ മനുഷ്യന് അവിടേക്ക് പുന:പ്രവേശനം നല്കുന്നത്, അവൻ അരൂപിയുടെ പ്രചോദനത്തിനു വിധേയനാകുമ്പോഴാണ്. ആത്മാവിനാൽ നയിക്കപ്പെട്ട് സ്വയം ദൈവാത്മാവിന്റെ ആലയമാണെന്ന സത്യമറിഞ്ഞ് ആത്മാവിന്റെ സഹവാസത്തിലും സഹായത്തിലും (യോഹ 16:7-8) ആയിരിക്കുമ്പോഴാണ്. ചുരുക്കത്തിൽ ആധ്യാത്മികത പരിശുദ്ധാത്മാവിലുള്ള ജിവിതമാണ്. ആത്മീയമനുഷ്യൻ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നവനാണ്. അതുവഴി അവൻ ഈ ലോകത്തിൽതന്നെ ദൈവികസാന്നിധ്യത്തിലേക്ക് പ്രവേശിക്കുന്നു. എന്നാലിവിടെ ഒരു ചോദ്യം ഉയരുന്നു; ആത്മാവിനാൽ നയിക്കപ്പെടുവാനുള്ള മാർഗ്ഗമെന്ത്? പരിശുദ്ധാത്മാവിനെ ലൗകികാത്മാവിൽ നിന്നും എങ്ങനെ തിരിച്ചറിയാനാവും? ഇസ്രായേൽ ജനതയെ മരുഭൂമിയിലൂടെ സംരക്ഷിച്ചു നയിച്ച അഗ്നിസ്തംഭവും മേഘസ്തംഭവും പരിശുദ്ധാത്മാവിന്റെ പ്രതീകങ്ങളാണെന്ന് സഭ പഠിപ്പിക്കുന്നു (CCC 697). ഇസ്രായേൽജനത ലോകത്തിന്റെ (പ്രതീകാത്മകമായി അവരുടെ പാപത്തിന്റെ) അടിമത്ത്വത്തിൽനിന്നു മോചിതരായി ആത്മാവിന്റെ നിയന്ത്രണത്തിലായി ഇവിടെ അവരുടെ ഇടയിലേക്ക് ദൈവം അയച്ച ഈ സ്തംഭങ്ങളുടെ ചൂടിലേക്കും തണലിലേക്കും കടന്നുവരുവാൻ അവർ സ്വയം തയ്യാറാകുന്നു. വിശാലമായ മണലാരണ്യം മുഴുവൻ തണലും ചൂടും ലഭ്യമായിരുന്നില്ല. "കർത്താവിനോട് എന്റെ സങ്കേതവും എന്റെ കോട്ടയും ഞാൻ ആശ്രയിക്കുന്ന എന്റെ ദൈവവും എന്നു പറയും.... അവിടുത്തെ ചിറകുകളുടെ കീഴിൽ എനിക്കഭയം ലഭിക്കും'' (സങ്കീ 91:2-4). ഇപ്രകാരം ആത്മാവിനാൽ നയിക്കപ്പെടുവാൻ ആത്മാവിനായി നാം സ്വയം തുറന്നു കൊടുക്കണം, സമർപ്പിക്കണം. ആത്മാവിന്റെ പ്രവർത്തനതലങ്ങളിലേക്ക്, മേഘപാളികളുടെ തണലിലേക്കു സ്വയം കടന്നുവരണം.

മനുഷ്യൻ പാപംമൂലം നഷ്ടമാക്കിയ ആത്മാവിനെ അവരിലേക്ക് ഈശോ അയച്ചത് തന്റെ മനുഷ്യവിശുദ്ധീകരണത്തിനായുള്ള മഹത്ത്വീകരണത്തിലൂടെയാണ് (സഹനം, മരണം, ഉത്ഥാനം) എന്നു സുവിശേഷം സാക്ഷിക്കുന്നു. ഇന്നും പരിശുദ്ധാത്മാവ് നൽകപ്പെടുന്നത് ഈശോയുടെ ഈ പെസഹാരഹസ്യങ്ങളുടെ ഫലമായാണ്. ആകയാൽ "സ്വർഗീയമായ എല്ലാ ആത്മീയവരങ്ങളാലും മിശിഹായിൽ നമ്മെ അനുഗ്രഹിച്ചവനും കർത്താവായ ഈശോമിശിഹായിൽ പിതാവുമായ ദൈവം സ്തുതിക്കപ്പെട്ടവനാകട്ടെ'' (എഫേ 1:3). കൂദാശകൾ ഈശോമിശിഹായിൽ പൂർത്തീകരിക്കപ്പെട്ട രക്ഷാകരരഹസ്യങ്ങളുടെ അഥവാ പെസഹാരഹസ്യങ്ങളുടെ അടയാളങ്ങളിലൂടെയും പ്രതീകങ്ങളിലൂടെയുമുള്ള ആഘോഷവും അവയുടെ ലോകാവസാനം വരെയുള്ള തുടർച്ചയുമാണ്. നിയമത്തിന് അധീനരായ മനുഷ്യകുലത്തെ ഉദ്ധരിക്കുവാൻ നിയമത്തിന് വിധേയനായി നമ്മുടെ രക്ഷ യുടെ സ്മാരകം ഈശോ ഏർപ്പെടുത്തുകയും ചെയ്തു. ഈ രക്ഷാകരമായ രഹസ്യത്തിന്റെ അർപ്പണമാണ് കൂദാശകൾ (റാസക്രമം 86). അതായത് "നമ്മുടെ നാഥനും രക്ഷകനുമായ ഈശോമിശിഹായുടെ പീഡാനുഭവത്തിന്റെയും

**ആധ്യാത്മികത പരിശുദ്ധാത്മാവിലുള്ള ജിവിതമാണ്. ആത്മീയമനുഷ്യൻ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നവനാണ്.**




മരണത്തിന്റെയും സംസ്കാരത്തി ന്റെയും ഉത്ഥാനത്തിന്റെയും മഹനീയവും ഭയഭക്തി ജനകവും ദൈവികവുമായ രഹസ്യത്തെ സന്തോഷത്തോടെ സ്മരിക്കുകയും സ്തുതിക്കുകയും അനുഷ്ഠിക്കുകയും" ചെയ്യുന്നതാണ് പരിശുദ്ധ കുർബാനയും കൂദാശകളും (റാസക്രമം 94).

കൂദാശകൾ മിശിഹായിലൂടെ പിതാവായ ദൈവം നമ്മിൽ വർഷിക്കുന്ന കൃപയുടെ രഹസ്യങ്ങളാണെങ്കിൽ, ആ വലിയ ആത്മീയ വരങ്ങൾക്ക് എഫേ 1:3 സൂചിപ്പിക്കുന്നതു പോലെ ദൈവത്തെ സ്തുതിക്കുവാനും നാം കടപ്പെട്ടിരിക്കുന്നു. ദൈവത്തിനുള്ള ഈ സ്തുതിയും ആരാധനയും കൃതജ്ഞതയും ആരാധനസമൂഹം അർപ്പിക്കുന്നതും കൂദാശകളുടെ ആഘോഷത്തിലൂടെ തന്നെയാണ്. "അങ്ങു ഞങ്ങൾക്കു നൽകിയിട്ടുള്ളതും എന്നാൽ കൃതജ്ഞത പ്രകാശിപ്പിക്കുവാൻ ഞങ്ങൾക്ക് കഴിയാത്തതുമായ എല്ലാ സഹായങ്ങൾക്കും അനുഗ്രഹങ്ങൾക്കുമായി.... സഭയിൽ അവിടുത്തെ സ്തുതിക്കുകയും മഹത്ത്വപ്പെടുത്തുകയും ചെയ്യുന്നതാണ്" (റാസക്രമം 26) കൂദാശകൾ. അതായത് സഭയിൽ ആത്മാവിന്റെ പ്രവർത്തനം ഏറ്റം വ്യക്തമായി നാം അനുഭവിക്കുന്ന ഇടമാണ് കൂദാശകൾ.

കൂദാശകൾ രക്ഷയുടെ കൂദാശയായ സഭയുടെ ആത്മപ്രകാശനവേദികളാണ്.



കാരണം ലോകത്തിൽ രക്ഷയുടെ കൂദാശയായി വർത്തിച്ചുകൊണ്ട് രക്ഷകനായ കർത്താവിന്റെ രക്ഷാകരദൗത്യം ലോകാവസാനം വരെ തുടരുന്നതിനായി വിളിക്കപ്പെട്ടിരിക്കുന്ന സഭ ഈശോയുടെ രക്ഷാപദ്ധതിയുടെ തുടർച്ചയായ കൂദാശകൾ ആഘോഷിച്ചുകൊണ്ടാണ് തന്റെ ദൗത്യം പൂർത്തീകരിക്കുന്നത്. ഇത്തരത്തിൽ ആദ്ധ്യാത്മികജീവിതം എന്നത് കൗദാശിക ജീവിതമാണ് എന്നു പറയാനാവും. കാരണം ആത്മാവിനെ പ്രദാനം ചെയ്യുന്ന കർത്താവിന്റെ പെസഹാരഹസ്യങ്ങൾ ഇന്നു കൂദാശകളിലാണ് സന്നിഹിതമാക്കുന്നത്.

ഇവിടെ സഭാത്മകമായിത്തീരുന്നു ആധ്യാത്മികത, കാരണം കൂദാശകൾ സഭയുടെ പ്രവൃത്തികളും അവളുടെ ആത്മപ്രകാശനവുമാണ്. ആകയാൽ കൂദാശകളുടെ ജീവിതം നയിക്കുമ്പോൾ അതിൽ പ്രവർത്തിക്കുകയും പ്രകാശനം ചെയ്യുകയും ചെയ്യുന്ന സഭയോടൊത്തുള്ള ജീവിതമായി അതു ഭവിക്കുന്നു. "നിങ്ങൾ ആത്മീയകാര്യങ്ങളിൽ ഉത്സുകരായിരിക്കുന്നതുകൊണ്ട് സഭയുടെ ഉത്കർഷത്തിനായി യത്നിക്കുവിൻ" (1 കോറി 14:12).

കൂടാതെ ഇതുവഴി ആദ്ധ്യാത്മികത ആരാധനാജീവിതമായി മാറുന്നു. കൂദാശകളുടെ ആഘോഷമാണ് ഏറ്റം വലിയ ആരാധന. ഈ ആധ്യാത്മികത ആരാധനക്രമാധിഷ്ഠിതവും കൂദാശജീവിതവുമാണ്. കൂദാശകളിൽ വ്യക്തമാക്കപ്പെടുന്ന രക്ഷാരഹസ്യം ജീവിക്കുന്നതാണ് ആധ്യാത്മികത. ഇത് അനുഷ്ഠാനങ്ങളാകുന്ന കൂദാശകളുടെ ആഘോഷവും അവയുടെ ജീവിതവും അടങ്ങുന്നു. ജിവിതബന്ധിയും അനുഷ്ഠാനങ്ങളിൽ ആഘോഷിക്കപ്പെടുന്നതുമായ ഒന്നായി ആധ്യാത്മികത തീരുന്നു. ഓരോ കൂദാശകളിലും അനാവരണം ചെയ്യപ്പെടുന്ന ദൈവികരഹസ്യങ്ങളും അവയിൽ പ്രവർത്തിക്കുന്ന പരിശുദ്ധാത്മാവിന്റെ സാന്നിധ്യവും അനുഭവിച്ച് അത് ജീവിതത്തിലൂടെ അവതരിപ്പിക്കപ്പെടുന്നതാണ് അദ്ധ്യാത്മിക ജീവിതം. ഇതിന്റെ വിശദമായ പഠനമാണ് തുടർന്നു നാം കാണുക.

മനുഷ്യകുലവുമായുള്ള ദൈവത്തിന്റെ സംസാരം – 1




# നില്ക്കൂ... ശ്രദ്ധിക്കൂ!! ദൈവം സംസാരിക്കുന്നു

റോസമ്മ കുന്നേൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്


മനുഷ്യസൃഷ്ടിയുടെ ആരംഭംമുതലേ ദൈവം അവനുമായി സംസാരിക്കുന്നുണ്ട്. ഒരു സുഹൃത്തിനോടെന്നപോലെ മനുഷ്യനുമായി സംസാരിക്കുന്ന ദൈവത്തെ വി. ഗ്രന്ഥം അവതരിപ്പിക്കുന്നു: "വെയിലാറിയപ്പോൾ ദൈവമായ കർത്താവ് തോട്ടത്തിൽ ഉലാത്തുന്നതിന്റെ ശബ്ദം അവർ കേട്ടു" (ഉല്പ 3,8). ഇത് ദൈവത്തിന്റെ പതിവായ ഒരു രീതിയാകാൻ സാദ്ധ്യതയുണ്ട്. അല്ലാതെ, മനുഷ്യൻ തെറ്റുചെയ്തു എന്നറിഞ്ഞതുകൊണ്ട് അവനെ ശിക്ഷിക്കാനായിമാത്രം വന്നതായിരിക്കുകയില്ല. പതിവു രീതിയിലുള്ള സംഭാഷണത്തിന് ചെവികൊടുക്കുവാൻ ദൈവകല്പന തിരസ്കരിച്ച മനുഷ്യന് സാധിക്കുന്നില്ല. അവൻ ദൈവസന്നിധിയിൽനിന്നും മരങ്ങൾക്കിടയിൽ ഒളിച്ചു. പതിവുപോലെ ആദത്തെയും ഹവ്വായേയും കാണാത്തതിനാൽ 'നീ എവിടെ' എന്നു ചോദിച്ചുകൊണ്ട് ദൈവം അവരെ അന്വേഷിക്കുന്നതായി വി. ഗ്രന്ഥത്തിൽ നാം വായിക്കുന്നുണ്ട്.

"പൂർവ്വകാലങ്ങളിൽ പ്രവാചകന്മാർ വഴി വിവിധ ഘട്ടങ്ങളിലും വിവിധ രീതികളിലും ദൈവം നമ്മുടെ പിതാക്കന്മാരോട് സംസാരിച്ചു" (ഹെബ്രാ 1,1). ഇതേ രീതിയിൽ ദൈവത്തിന്റെ നമ്മോടുള്ള സംസാരം ഇന്നും തുടരുകയാണ്. അവിടുത്തെ ചിന്തയും അവിടുത്തെ വെളിപ്പെടുത്തലിന്റെ അന്തഃസത്തയും അറിയുന്നതിനുള്ള ശ്രവണമനോഭാവമാണ് നമ്മുടെ ഭാഗത്തുനിന്നും ഉണ്ടായിരിക്കേണ്ടത്. വലിയ പുരോഹിതനായ ഏലി കൊച്ചുസാമുവേലിനോട് ആവശ്യപ്പെട്ടതുപോലെ, "കർത്താവേ, അരുളിച്ചെയ്താലും അങ്ങയുടെ ദാസൻ ഇതാ ശ്രവിക്കുന്നു" (1 സാമു 3,10) എന്ന മനോഭാവത്തിൽ നാമും ദൈവസന്നിധിയിലായിരിക്കണം. ദൈവം സംസാരിക്കുമ്പോൾ അവിടുത്തെ കേൾക്കുവാൻ മനസ്സാകാതെയിരിക്കുന്ന അവസ്ഥ വളരെ ഭയാനയകമാണ്. നാം മറ്റൊരു മനുഷ്യവ്യക്തിയോട് സംസാരിക്കുമ്പോൾ നമ്മെ കേൾക്കുവാൻ ആ വ്യക്തി താല്പര്യം കാണിക്കുന്നില്ലെങ്കിൽ നമ്മുടെ അവസ്ഥ എന്തായിരിക്കുമെന്ന് കുറെയൊക്കെ അനുഭവത്തിൽനിന്ന് നമുക്കു മനസ്സിലാക്കാം. അപ്പോൾ നമ്മോട് സംസാരിക്കുന്നത് ദൈവമാണെങ്കിൽ, ദൈവംതന്നെയാണ് വാക്ക് ഉച്ചരിക്കുന്നതെങ്കിൽ, അവിടുത്തെ ശ്രവിക്കാതെയിരിക്കുന്ന അവസ്ഥ എത്രയോ ദയനീയം!

സ്നേഹത്തോടെയും സ്നേഹത്തിനുവേണ്ടിയും നമ്മെ സൃഷ്ടിച്ചതുകൊണ്ടുമാത്രം ദൈവം തൃപ്തിയടയുന്നില്ല എന്നത് നാം മനസ്സിലാക്കേണ്ടതാണ്. നിരന്തര സംഭാഷണത്തിലായിരിക്കുന്ന ദൈവം നമ്മിൽനിന്നും പ്രതി



പ്രതീക്ഷയുടെ
## പൂമൊട്ടുകൾ



> നിരന്തര സംഭാഷണത്തിലായിരിക്കുന്ന ദൈവം നമ്മിൽനിന്നും പ്രതിസ്നേഹം ആവശ്യപ്പെടുന്നു.

സ്നേഹം ആവശ്യപ്പെടുന്നു. നാമുമായുള്ള സംഭാഷണത്തിലൂടെ അവിടുന്നാഗ്രഹിക്കുന്ന സ്നേഹത്തിന്റെ പ്രവൃത്തി നല്കുവാൻ ദൈവം നമ്മെ കഴിവുറ്റവരാക്കുന്നു. സംഭാഷണത്തിലൂടെയും പ്രവൃത്തിയിലൂടെയും അവതരിപ്പിക്കുന്ന ഈ ബന്ധം സ്വതന്ത്രസ്നേഹത്തിന്റെ പ്രവൃത്തി ആഗ്രഹിക്കുന്ന ദൈവവും മനുഷ്യസൃഷ്ടിയും തമ്മിലുള്ളതാണ്. ഈ മനുഷ്യനാകട്ടെ അല്പം സങ്കോചത്തോടെ തന്നിലേക്കു തന്നെ സ്വയം തിരിഞ്ഞിരിക്കുന്നവനാണ്. ദൈവം അവനോട് സംസാരിക്കുകയും പ്രത്യുത്തരം നല്കാനായി അവനെ സ്നേഹപൂർവ്വം നിർബന്ധിക്കുകയും ചെയ്യുന്നു. ദൈവവും മനുഷ്യനുമായുള്ള ഈ ബന്ധത്തിന്റെ അവസാനവും ഒരു സംഭാഷണമായിരിക്കും-നിത്യഭാഗ്യത്തിലുള്ള നിത്യമായ സംഭാഷണം.

നമ്മോട് ഇടതടവില്ലാതെ സംസാരിക്കുന്ന ദൈവത്തെ ശ്രവിക്കാനുള്ള കടമ നമുക്കുണ്ട്. സങ്കീർത്തകൻ പറയുന്നതുപോലെ, "നിങ്ങൾ ഇന്ന് അവിടുത്തെ സ്വരം ശ്രവിച്ചിരുന്നെങ്കിൽ! മെരീബായിൽ, മരുഭൂമിയിലെ മാസ്സായിൽ, ചെയ്തതുപോലെ നിങ്ങൾ ഹൃദയം കഠിനമാക്കരുത്" (സങ്കീ. 95, 7-8). മാനവവംശത്തോട് സംസാരിക്കാൻ വേണ്ടി ദൈവത്തിന്റെ ഭാഗത്തുനിന്നുമുള്ള ഒരു നിരന്തരമായ പരിശ്രമവും പരീക്ഷണവുമാണ് നമ്മുടെ ഓരോരുത്തരുടെയും ജീവിതവും ചരിത്രം മുഴുവനും. അവിടുത്തെ ഈ സംസാരത്തിനു മുമ്പിൽ ഉണ്ടായിരിക്കേണ്ട ആദരവും ശ്രദ്ധയും ശ്രവിക്കാനുള്ള നമ്മുടെ ഉത്തരവാദിത്വവും വളരെ വലുതാണെന്നുള്ളത് നമുക്ക് മറക്കാതിരിക്കാം.

*എല്ലാം പങ്കുവയ്ക്കുന്ന സുഹൃദ്ബന്ധമാണ് ദൈവത്തിന് നമ്മോടുള്ളത്:*

"ഇനി ഞാൻ നിങ്ങളെ ദാസന്മാർ
എന്നു വിളിക്കുകയില്ല.
കാരണം, യജമാനൻ ചെയ്യുന്നതെന്തെന്ന് ദാസൻ
അറിയുന്നില്ല.
എന്നാൽ, ഞാൻ നിങ്ങളെ സ്നേഹിതന്മാർ
എന്നു വിളിച്ചു.
എന്തെന്നാൽ എന്റെ പിതാവിൽനിന്നു കേട്ടതെല്ലാം
ഞാൻ നിങ്ങളെ അറിയിച്ചു" (യോഹ 15,15).



പ്രതീക്ഷയുടെ പൂമൊട്ടുകൾ



# കുട്ടികളും കുടുംബവും

**ഡോ. ജേക്കബ് കോയിപ്പള്ളി**
കാനാ, ചങ്ങനാശേരി

ആരോഗ്യമുള്ള മനസ്സ് ആരോഗ്യമുള്ള ശരീരത്തിനനിവാര്യമാണ്. കുട്ടികളെ വളർത്തുന്നതും പരിപാലിക്കുന്നതും കുടുംബത്തിന്റെ പ്രധാന ദൗത്യങ്ങളാണെന്നുള്ളത് നിസംശയം അംഗീകരിക്കപ്പെടുന്ന വസ്തുതയാണ്. എന്നാൽ കുട്ടികൾ വളർന്നുവരുമ്പോൾ അവർ കുടുംബത്തിന്റെയും സമൂഹത്തിന്റെയും സ്വസ്ഥതയ്ക്ക് ഭീഷണിയായി മാറുന്ന സംഭവങ്ങൾ ഇന്നു വിരളമല്ല. ഇതിന്റെ പ്രധാനമായ കാരണം കുട്ടികളുടെ മാനസിക പക്വതയുടെ അഭാവമാണ്. മാനസിക പക്വതയാണ് മാനസിക ആരോഗ്യ ലക്ഷണം.

മാനസിക പക്വതയെ തടസ്സപ്പെടുത്തുന്ന സാഹചര്യങ്ങൾ കുടുംബത്തിലുണ്ടാകുമ്പോൾ അത് കുട്ടികളുടെ ജീവിതത്തെ പ്രതികൂലമായി സ്വാധീനിക്കുന്നു. ഒരു കുട്ടിയുടെ വളർച്ച അതിന്റെ പൂർണ്ണതയിലെത്താൻ സാധിക്കുക പ്രധാനമായും നാലു കാര്യങ്ങളിലൂടെയാണ്.

1. ഭയരഹിതമായ് വളരാനും സ്വാതന്ത്ര്യം പ്രകടിപ്പിക്കുവാനുമുള്ള പരിശീലനം.
2. അറിവ് ലഭിക്കാനും നന്മതിന്മകൾ തിരിച്ചറിയാനുമുള്ള പരിശീലനം.
3. ലൗകികതകൾക്കതീതമായ പരാശക്തിയെ അറിയുവാനുള്ള സാഹചര്യം.
4. ആസക്തികളുടെ വലയത്തെ ഭേദിക്കുവാനും ആത്മശക്തിയും ആത്മനിയന്ത്രണവും പരിശീലിക്കാനുമുള്ള സാഹചര്യം.


മേല്പ്പറഞ്ഞ ഈ നാലു സാഹചര്യങ്ങളും ഒരുക്കുക എന്നത് കുടുംബത്തിന്റെ ഉത്തരവാദിത്വവും ദൗത്യവുമാണ്.

ഭയരഹിതമായി വളരുവാനുള്ള സാഹചര്യം ഇന്ന് കുടുംബത്തിൽ എത്രമാത്രം നിലനില്ക്കുന്നുണ്ട് എന്നുള്ളത് പരിശോധനാ വിഷയമാക്കേണ്ടതുണ്ട്. അടുത്ത കാലങ്ങളിലായി കുട്ടികളിൽ കള്ളം പറയാനും മോഷ്ടിക്കുവാനും കോപ്പിയടിക്കാനുമൊക്കെയുള്ള പ്രവണത വളരെ വർദ്ധിച്ചുവരുന്നതായി കാണുന്നു. ഇത്തരം പ്രവണതകളിൽപ്പെട്ട ഒട്ടുമിക്ക കുട്ടികളുടെയും ഗൃഹാന്തരീക്ഷം വളരെ അനാരോഗ്യകരമായിരുന്നു എന്ന് കാണപ്പെട്ടു. നമ്മുടെ കുടുംബങ്ങളിൽ നിലനില്ക്കുന്നതും എന്നാൽ പലപ്പോഴും നാം തിരിച്ചറിയാത്തതുമായ ഏതാനും ചില അനാരോഗ്യ അവസ്ഥകൾ സൂചിപ്പിക്കാനാഗ്രഹിക്കുന്നു.

a. വീടിനുള്ളിലുള്ള ഏതെങ്കിലുമൊരു വസ്തു, ഒരു ഗ്ലാസോ ഒരു പ്ലെയിറ്റോ എന്തെങ്കിലും കുട്ടിയുടെ കയ്യിൽ നിന്നും കേടുപാട് സംഭവിച്ചു എന്നു കരുതുക. "നീയാണോ ഇത് പൊട്ടിച്ചതെ" ന്ന ചോദ്യത്തിനു മറുപടിയായി കുട്ടി കൈകൊണ്ടതാണെന്നോ, തെന്നിപ്പോയതാണെന്നോ പ്രതികരിക്കുമ്പോൾ കടുത്ത ശിക്ഷകൾ നല്കുന്ന കുടുംബാന്തരീക്ഷം കുട്ടിയുടെ മനസ്സിൽ എത്തിക്കുന്ന ആശയം കഴു

ത്തിനു മുകളിൽ ജീവനുണ്ടെങ്കിൽ സത്യം പറയരുത് എന്നുള്ളതാണ്. കുട്ടികൾ സത്യം പറയുമ്പോൾ അവർ ശിക്ഷിക്കപ്പെട്ടുകൂടാ, തിരുത്തപ്പെടണം, പക്ഷേ സത്യം പറയാൻ ഭയപ്പെടുന്നവരാക്കി അവരെ മാറ്റിക്കൂടാ. ഈ അന്തരീക്ഷം സംജാതമാക്കാത്ത കുടുംബങ്ങൾ തികച്ചും അനാരോഗ്യപരമായ അന്തരീക്ഷം സൃഷ്ടിക്കുന്നു.

കൂടുതൽ കുട്ടികൾ വീട്ടിലുണ്ടായിരുന്നപ്പോൾ കുട്ടികൾക്ക് തമ്മിൽ തമ്മിലുണ്ടായിരുന്ന ഒരു വലിയ അടുപ്പം, അവരുടെ ഉള്ളുകൾ തുറക്കാൻ അവസരം സൃഷ്ടിക്കുന്നതും കുറച്ചുകൂടെ മെച്ചപ്പെടുവാനുമുള്ള ആഗ്രഹത്തെ രൂപീകരിക്കുകയും ചെയ്തിരുന്നു. അത്തരം സാഹചര്യങ്ങൾ ഇന്ന് കുടുംബങ്ങളിൽ അന്യമാവുകയാണ്. കുട്ടികളുടെ എണ്ണം കുറയുമ്പോൾ അവർക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസവും സൗകര്യങ്ങളും നല്കാമെന്ന് നാം കരുതുന്നുണ്ട്. എന്നാൽ ഒറ്റയ്ക്ക് വീട്ടിൽ വളരുന്ന കുട്ടികൾക്ക് വ്യക്തിത്വ വളർച്ചയിൽ ധാരാളം കുറവുകൾ അനുഭവപ്പെടുമെന്ന് പഠനങ്ങൾ തെളിയിക്കുന്നു. ചുരുക്കത്തിൽ ആരോഗ്യപരമായ ഒരു കുടുംബാന്തരീക്ഷം എന്നത് ഒന്നിൽ കൂടുതൽ കുട്ടികളുള്ള ഒരു കുടുംബമാണ്. ആശയവിനിമയം, പങ്കുവയ്ക്കൽ, പരസ്പര സഹകരണം, സൗഹൃദം ഇവയൊക്കെ അതിന്റെ തികവിൽ ലഭിക്കുന്നത് കുട്ടിയുടെ മാനസികാരോഗ്യത്തിന് അനിവാര്യമാണ്. സത്യസന്ധതയിലും ഉത്തരവാദിത്വബോധത്തിലുമൊക്കെ വളർന്നുവരാൻ കൂടുതൽ കുട്ടികളുള്ള ഒരു കുടുംബം സൃഷ്ടിച്ചിരുന്ന സാഹചര്യത്തെ ഇന്നത്തെ കുടുംബാന്തരീക്ഷവുമായി തുലനം ചെയ്യുക എന്നത് അസാദ്ധ്യമാണ്.



കുട്ടികളുടെ എണ്ണം കുറയുമ്പോൾ അവർക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസവും സൗകര്യങ്ങളും നല്കാമെന്ന് നാം കരുതുന്നുണ്ട്. എന്നാൽ ഒറ്റയ്ക്ക് വീട്ടിൽ വളരുന്ന കുട്ടികൾക്ക് വ്യക്തിത്വ വളർച്ചയിൽ ധാരാളം കുറവുകൾ അനുഭവപ്പെടുമെന്ന് പഠനങ്ങൾ തെളിയിക്കുന്നു.

കുടുംബാംഗങ്ങൾ ഒന്നിച്ചിരുന്നുള്ള പങ്കുവയ്ക്കലുകൾ, സൗഹൃദസംഭാഷണങ്ങൾ എന്നിവയിലൂടെ കുട്ടിയുടെ ഉള്ളിലെ പക്വമല്ലാത്ത ധാരാളം ഭാവങ്ങളെ തിരുത്തുവാനും നേർവഴിക്ക് കൊണ്ടുവരാനും സാധിക്കും. എന്നാൽ പലപ്പോഴും മാതാപിതാക്കളെ ആഗ്രഹിക്കുന്നതുപോലെ കാണാൻ പോലുമാവാത്ത അവസ്ഥയിലേക്ക് കുടുംബബന്ധങ്ങൾ വഴിമാറുന്നു. ആഴ്ച്ചയിൽ '6' ദിവസം ഒരു വീട്ടിൽ ജീവിച്ചിട്ടും സംസാരിക്കാൻ സാധിക്കാതെ 7-ാം ദിവസം സ്നേഹിക്കാനും ശാസിക്കാനും ശിക്ഷിക്കാനുമൊക്കെ തുടങ്ങുമ്പോൾ ആവശ്യമായ ഗൗരവത്തോടെ അതുൾക്കൊള്ളുന്നില്ല എന്നു മാത്രമല്ല ഉള്ളിൽ ചിലപ്പോൾ അവർ നമ്മുടെ പ്രതികരണങ്ങളെ പരിഹസിക്കയും ചിലപ്പോൾ കടുത്ത അമർഷം സൂക്ഷിക്കയും ചെയ്യുന്നു.

ചുരുക്കത്തിൽ വിപ്ലവാത്മകത മുഴക്കുന്ന നമ്മുടെ ഇളം തലമുറ ധൈര്യശാലികൾ എന്നതിനെക്കാൾ ഭീരുക്കളുടെ സമൂഹമാണ്. മാതാപിതാക്കളുടെ ഗൗരവമായ ശ്രദ്ധ കുട്ടികളുടെ പരിശീലനത്തിൽ അനിവാര്യമാണ്.



# ശുഭയാത്രയിലെ വഴിമുടക്കികൾ

സാബി, കോഴിക്കോട്

ഇക്കഴിഞ്ഞ ക്രിസ്തുമസിനോടനുബന്ധിച്ച് ആശംസകളുമായെത്തിയ ഇ-മെയിലുകൾ സർവ്വരേഖകളും മായ്ച്ചുകളയുന്ന വൈറസുകളായിരുന്നുവെന്നത് അല്പദിവസത്തിനുള്ളിൽ ഞെട്ടലോടെ തിരിച്ചറിഞ്ഞു. നന്മയുടെ പരിവേഷമണിഞ്ഞുകൊണ്ടുള്ള തിന്മയുടെ നുഴഞ്ഞുകയറ്റം. ജീവിതത്തിന്റെ ഇപ്രകാരമുള്ള കെണികളിൽ കുടുങ്ങി കയ്യും കാലുമിട്ടടിക്കാനേ നമുക്ക് പലപ്പോഴും കഴിയൂ. ദൈവം തന്ന ബുദ്ധി 'സർപ്പങ്ങളെപ്പോലെ വിവേകികളാ'കുവാനാണ്. അല്ലാതെ ചപ്പും ചവറും വലിച്ചു തിന്നുവാൻ, കെണിച്ചോറുണ്ണുവാൻ, തന്റെ അണികളെ വിളിച്ചുകൂട്ടുന്ന 'കാകബുദ്ധി' കാട്ടുവാനല്ല.

ശുഭമുഹൂർത്തങ്ങളെ അലങ്കോലപ്പെടുത്തുന്ന ഒരു വിഭാഗം തൊഴിലാളികൾ തന്നെയുണ്ട്. വഴിതെളിക്കുന്നതും വഴിതടയുന്നതും അവർ തന്നെ. നാമവരെ 'ബ്രോക്കർ' എന്ന ഓമനപ്പേരിട്ട് വിളിക്കും. ഇവർ എവിടെയും ലാഭേച്ഛുക്കളാണ്. അപരന്റെ ഉയർച്ച ഇവർക്കൊരു പ്രശ്നമേയല്ല. തന്റെ കീശ വീർപ്പിക്കുവാനിടം തരുന്നവനോടൊപ്പം മാറിമാറി ചവിട്ടുന്നവർ. കേരളത്തിൽ എന്തിനും, ഏതിനും ബ്രോക്കർമാരെ കൂടിയേ തീരൂ. മാടക്കടക്കാർ പോലും വലിയ വലിയ 'റിയൽ എസ്റ്റേറ്റ്' ജോലിക്കാരാണ്. ഇതിൽ 'വെട്ടിപ്പുവീരൻ' മറ്റുള്ളവരെ പിൻതള്ളി കാശുംകൊണ്ടു പോകും. ഇങ്ങനെ പലതവണ അബദ്ധം പറ്റുന്ന നീതിമാന്മാരായ കള്ളന്മാർ പുതിയ തന്ത്രങ്ങൾ മെനഞ്ഞു തങ്ങളുടെ മുഖം സൂക്ഷിക്കുവാൻ




തിടുക്കം കൂട്ടുന്നു. സത്യവും നീതിയും ധർമ്മവും കാറ്റിൽ പറക്കുന്നു.

എന്റെ ആത്മസുഹൃത്തിന്റെ ഭവനം ഞങ്ങൾക്കെല്ലാവർക്കും സ്വഭവനം തന്നെയാണ്. അവന്റെ ഏക അനുജത്തിയുടെ വിവാഹം പലതവണ കാരണംകൂടാതെ മാറിപ്പോയി. എന്തായാലും ഇക്കുറി വിവാഹം ഉറപ്പിച്ചു. ചെറുക്കനും പെണ്ണും മൊബൈലിലൂടെ ഹൃദയങ്ങൾ കൈമാറി. ഞങ്ങളെല്ലാവരും ആ വിവാഹത്തിനു പോകാനുള്ള തയ്യാറെടുപ്പിലായി. മനസമ്മതത്തിനു തലേന്ന് ഒരു 'കോൾ' എത്തി. ചെറുക്കൻകൂട്ടർ ഈ വിവാഹത്തിൽനിന്നു പിന്മാറിയിരിക്കുന്നു. ഞങ്ങളുടെ ഉള്ളിൽ രോഷം ഇരമ്പി. കാരണമന്വേഷിച്ചുള്ള നെട്ടോട്ടമായി. അവസാനം കാരണമറിഞ്ഞു. അവളുടെ ചാരിത്ര്യശുദ്ധിയിൽ സംശയമുള്ളതായി അവളുടെ പിതാവിന്റെ ജ്യേഷ്ഠൻ അറിയിച്ചുവത്രെ.

കരംപിടിച്ച് മണിയറയിലേക്ക് കയറ്റേണ്ടവൻ കരം വെട്ടിമാറ്റുന്ന അവസ്ഥ, അവളുടെ ശിരസിൽ അനുഗ്രഹം ചൊരിയേണ്ടവൻ കരണത്തടിച്ചിറക്കുന്ന അവസ്ഥ. കുഞ്ഞുനാൾ മുതൽ നെഞ്ചിലേറ്റി ഉറക്കിയവന്റെ ഉള്ളിൽ അസൂയയുടെ നെരിപ്പോടെരിഞ്ഞതിന്റെ തിക്തഫലം. എന്നാൽ ആ കുടുംബം എന്നെ അത്ഭുതപ്പെടുത്തി. അവർ ക്ഷമിച്ചു പ്രാർത്ഥിച്ചു. അധികം വൈകാതെ തന്നെ ദൈവം അവർക്കുത്തരമരുളുകയും അവൾക്കായി നല്ല ഭർത്താവിനെയും ഒരു പൊന്നോമനയെയും നല്കുകയും ചെയ്തു. ഇവിടെയാണ് ദൈവം നമുക്കു സമീപസ്ഥനാവുക. "തന്നെ സ്നേഹിക്കുന്നവർക്ക് തന്റെ പദ്ധതി അനുസരിച്ച് വിളിക്കപ്പെട്ടവർക്ക് അവിടുന്ന് എല്ലാം നന്മയ്ക്കായി പരിണമിപ്പിക്കുന്നു" (റോമ 8,28).

നമ്മുടെ പദ്ധതികൾക്ക് കാലതാമസം വരുകയും അതു മാറിപ്പോവുകയും ചെയ്യുമ്പോൾ 'എന്തുകൊണ്ട് എനിക്കിതു സംഭവിച്ചു' എന്നു വിലപിക്കുന്നതുകൊണ്ടോ, ദൈവത്തെ തള്ളിപ്പറയുന്നതു കൊണ്ടോ അർത്ഥമില്ല. 'രക്ഷിക്കാനാവാത്ത വിധം കുറുകിപ്പോയ കരങ്ങളല്ല അവിടുത്തേത്'. ശാന്തതയോടെ ദൈവത്തിന്റെ സമയത്തിനായി കാത്തിരിക്കുവാൻ നമുക്കു കഴിയണം.

നമ്മുടെ വഴിതടയുന്നവർ ദൈവത്തിന്റെ ഉപകരണങ്ങൾ തന്നെയാണ്. നമുക്കു ചേരാത്തവയെ അകറ്റിക്കളയുവാൻ ദൈവം അയയ്ക്കുന്ന 'ദൂതന്മാർ'. അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും നന്മ വരുവാൻ ആഗ്രഹിക്കുവാനും കഴിഞ്ഞാൽ നാം ക്രിസ്തു പാതയിലായി. നമുക്കു മുന്നിൽ അടഞ്ഞ ഒരു വാതിലിനു പകരം ആയിരം വാതിലുകൾ തുറക്കപ്പെടുന്നത് താമസംവിനാ നാം ദർശിക്കും.

വെട്ടിൽ വീഴ്ത്താൻ വെമ്പുന്നവരാണ് നാമെങ്കിൽ ഓർമ്മിക്കുക:- പാലം പണിയേണ്ടവൻ പാര പണിതാൽ, വഴിതടയലിലൂടെ നിരപരാധികളുടെ ഒരിറ്റു കണ്ണുനീർ നമ്മുടെ ഭവനത്തിൽ പതിച്ചാൽ നാം നിലംപരിശാകും. കൂടെ നടക്കേണ്ടവൻ കുതികാലിൽ ചവിട്ടുമ്പോൾ, നന്മ ആഗ്രഹിക്കേണ്ടവൻ നിഷ്കരുണം നിന്ദിക്കുമ്പോൾ അപരന്റെ വളർച്ചയിൽ യഥാർത്ഥത്തിൽ സന്തോഷിക്കാൻ സാധിക്കാത്തപ്പോൾ, വിജയങ്ങളിൽ പ്രോത്സാഹിപ്പിക്കാനാകാതെ വരുമ്പോൾ തുടങ്ങി നമ്മുടെ ജീവിതത്തിലെ ഏതെങ്കിലും ഒരു വാക്കോ, പ്രവൃത്തിയോ, ചിന്തയോ മൂലം അപരന് ചെറിയ ഉതപ്പെങ്കിലും ഉണ്ടായിട്ടുണ്ടെങ്കിൽ ഉതപ്പ് ഉണ്ടാക്കിയവന്റെ കഴുത്തിൽ ഒരു വലിയ തിരികല്ലുകെട്ടി കടലിൽ എറിയണമെന്ന് സുവിശേഷം പറയുന്നു. ഇവിടെ ആവശ്യം നമ്മുടെ മനോഭാവങ്ങളെ രൂപപ്പെടുത്തുകയാണ്. കാനായിലെ കല്യാണ വിരുന്നിൽ വീഞ്ഞുതീർന്നുപോവുക എന്ന നിരാശാജനകമായ അവസ്ഥയിൽ, വഴിയും സത്യവും പ്രകാശവുമായവനെ കൂട്ടിക്കൊണ്ടുവന്ന് അവരുടെ യാത്രയെ ശുഭമാക്കുന്ന പരി. അമ്മയെ നമുക്കു കാണാൻ കഴിയും. അനുദിന ജീവിതത്തിൽ ആരുടെയും വഴിമുടക്കികളാകാതെ, ഒരു വ്യക്തിയുടെയെങ്കിലും വഴി തെളിക്കുന്നവരാകാം. അപ്പോൾ ലഭിക്കുന്ന ആത്മസംതൃപ്തിയും പരിശുദ്ധാത്മാഭിഷേകവും ദൈവപുത്രസ്ഥാനവും, വഴിമുടക്കുമ്പോൾ കിട്ടുന്ന അമർഷവും അസൂയയും നിറഞ്ഞ മാനുഷിക ഭാവത്തേക്കാൾ എത്രയോ വലുതാണ്?



# വികസനത്തിന് പരിസ്ഥിതിയുടെ പാത

ഫാ. റ്റോംസ് കളപ്പുരയ്ക്കൽ
ചങ്ങനാശ്ശേരി

**"സത്യത്തിൽ സ്നേഹം" (Caritas in Veritate) എന്ന ചാക്രികലേഖനം ആസ്പദമാക്കിയുള്ള പഠനത്തിന്റെ തുടർച്ച**

ആഗോളതാപനവും പരിസ്ഥിതി സംരക്ഷണവും ശരാശരി പ്രബുദ്ധതയുടെ മാനദണ്ഡമായി ഗണിക്കപ്പെടുന്നു എന്നത് ശുഭോദർക്കമായ ഒരു കാര്യമാണ്. മാർപ്പാപ്പ തന്റെ ചാക്രിക ലേഖനത്തിൽ പ്രസ്തുത വിഷയത്തിന് ശരിയായ ഊന്നലും ധാർമ്മികതയിൽ അടിസ്ഥിതമായ ദിശാബോധവും നൽകുന്നു എന്നത് ശ്രദ്ധേയമാണ്.

"സൃഷ്ടിയുടെ നൈസർഗ്ഗികമായ സന്തുലിതാവസ്ഥയെ ആദരിച്ചുകൊണ്ട്, ഭൗതികവും അല്ലാത്തതുമായ നമ്മുടെ ന്യായമായ ആവശ്യങ്ങൾ നിറവേറ്റാൻ പ്രകൃതിയെ ഉത്തരവാദിത്വപൂർവ്വം ഉപയോഗിക്കാം (No.48). നാം ഇന്നുകാണുന്ന അനാരോഗ്യപരമായ ഏതാനും പ്രവണതകൾ ശ്രദ്ധാപൂർവ്വം വിശകലനം ചെയ്യേണ്ടതുമാണ്. (1) പ്രകൃതിവിഭവങ്ങളുടെ അമിതമായ ചൂഷണം. (2) കൃഷിയിടങ്ങളിൽ നിന്നും അന്യവൽക്കരിക്കപ്പെടുന്ന കർഷകരുടെ അവസ്ഥ. (3) പ്രകൃതി വിഭവങ്ങളെ അതതു രാജ്യത്തിന്റെയോ/ സംസ്ഥാനത്തിന്റെയോ ധനാഗമമാർഗ്ഗമായി ഗണിക്കപ്പെടേണ്ടതിന്റെ ആവശ്യകത.

### 1. പ്രകൃതിവിഭവചൂഷണം

മാനേജ്മെന്റ് പദവ്യൂഹത്തിൽ അന്യൂന നിർമ്മാണ പ്രക്രിയ എന്ന ശൈലി ആഗോള ശ്രദ്ധ പിടിച്ചുപറ്റിയ ഒരു ശൈലിയാണ്. ഇന്നത്തെ തലമുറയ്ക്ക് വരും തലമുറയ്ക്കായി അവശേഷിപ്പിക്കുവാൻ ഒരു സംഭാവന ഉണ്ടാകേണ്ടത് ആവശ്യമാണ്. അതുപോലെ തന്നെ വരും തലമുറക്ക് ഉപയോഗിക്കുവാൻ പ്രകൃതി വിഭവങ്ങളെ അവശേഷിപ്പിക്കേണ്ടതും ഒരു ധാർമ്മിക ഉത്തരവാദിത്വമാണെന്ന് രേഖ അനുശാസിക്കുന്നു. ആഫ്രിക്കപോലെയുള്ള അവികസിത രാജ്യങ്ങളിൽ വിദേശ കുത്തകകൾ കച്ചവടക്കണ്ണോടെ പ്രകൃതിവിഭവങ്ങളെയും ധാതുക്കളെയും അനിയന്ത്രിതമായി ചൂഷണം ചെയ്യുന്നതും തെറ്റായി കാണേണ്ടിയിരിക്കുന്നു. മണ്ണിന്റെ മക്കൾ - യഥാർത്ഥ ഉടമകൾ - ഖനനം ചെയ്യുന്ന തൊഴിലാളികൾ മാത്രമായി മാറുന്ന ദയനീയ കാഴ്ച മാനവ മന:സാക്ഷിയെ ഉണർത്തേണ്ട കാര്യമായി തന്നെ കരുതണം.


ഇതിനു സമ്പദ് വ്യവസ്ഥയിൽ തന്നെ കർണ്ണാടകത്തിൽ നിന്നും ഇരുമ്പ് ഖനനം ചെയ്ത് വൻതോതിൽ കയറ്റി അയയ്ക്കപ്പെ




ടുന്ന പ്രതിഭാസം ഇതിന്റെ വെളിച്ചത്തിൽ പുനരാഖ്യാനം ചെയ്യപ്പെടേണ്ടിയിരിക്കുന്ന. ഈ അസംസ്കൃത ധാതുക്കൾ ഇവിടെ തന്നെ ശുദ്ധിചെയ്ത് ഫിനിഷ്ഡ് പ്രോഡക്റ്റ് ആക്കുകയായിരുന്നെങ്കിൽ എത്രയോ തൊഴിലവസരങ്ങളും സാമ്പത്തിക പുരോഗതിയും നാടിനു നേടി തരുമായിരുന്നു! ഉത്തരാഞ്ജൻ പോലെയുള്ള പുതിയ സംസ്ഥാനങ്ങളിൽ നിന്നും ഇതുപോലെ ധാരാളം ധാതുലവണങ്ങൾ ചൂഷണം ചെയ്യാൻ ബഹുരാഷ്ട്ര കുത്തകകൾ ശ്രമം നടത്തുന്നതും ദീർഘവീക്ഷണത്തോടെ കാണേണ്ട കാര്യങ്ങൾ തന്നെയാണ്. ഇതിന് തനതു സംസ്ഥാനങ്ങളുടെ ദിശാബോധവും ഇഛാശക്തിയും ഉണരേണ്ടിയിരിക്കുന്നു.

## 2. ഭൂവുടമയായ കർഷകൻ

ഒരുകാലത്ത് ഏതാനും ആളുകളുടെ കരങ്ങളിൽ കൃഷിയിടങ്ങൾ കുമിഞ്ഞുകൂടി ഉണ്ടായ ജന്മികുടിയാൻ വ്യവസ്ഥിതി അതിന്റെ നൂതനരൂപം രൗദ്രം പൂണ്ട് താണ്ഡവമാടുന്ന അവസ്ഥ അനതിവിദൂര ഭാവിയിൽ നാം കാണേണ്ടിവരും. കേരളത്തിന്റെ സമ്പദ് വ്യവസ്ഥയിൽ ഒരുകാലത്ത് നെൽകൃഷി ആദായമായിരുന്നപ്പോൾ മധ്യതിരുവിതാംകൂറിൽ നിന്നും കുട്ടനാട്ടിലേക്ക് ജനസഞ്ചലനം ഉണ്ടായിരുന്നു. നെൽകൃഷി നഷ്ടക്കച്ചവടത്തിന്റെ ബാക്കി പത്രമായപ്പോൾ നാണ്യവിളകളുടെയും റബ്ബർ ഉല്പാദനത്തിന്റെയും മേഖലയിലേക്ക് കർഷകർ തിരിഞ്ഞു. ഇന്ന് കുട്ടനാട്ടിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന സാമൂഹ്യ വ്യവസ്ഥിതിയിലെ മാറ്റം നിസാരമായി കാണുവുന്നതല്ല. ഒരു കാലത്ത് നെൽകൃഷിയിടങ്ങൾ ഭൂരിഭാഗവും ക്രൈസ്തവ ഉടമസ്ഥതയിലായിരുന്നു. നമ്മുടെ ആളുകൾ അത് വിറ്റ് സ്ഥലം വിടുമ്പോൾ അത് വാങ്ങുന്ന ഈഴവ സമുദായത്തിന്റെ സാമ്പത്തിക വളർച്ച കുട്ടനാട്ടിൽ ഒരു പുതിയ ധ്രുവീകരണത്തിന് വഴിതെളിച്ചു. ഒരുകാലത്ത് കുട്ടനാടായിരുന്നു അതിശക്തമായ ക്രൈസ്തവ സാന്നിധ്യത്തിന്റെ ഈറ്റില്ലം. അവിടെ നിന്നും ആളുകൾ കുടിയേറി പട്ടണ പ്രദേശങ്ങളിലേക്ക് പോകുന്ന അനിയന്ത്രിതമായ ഒഴുക്ക് പുരാതന ക്രൈസ്തവകേന്ദ്രങ്ങളെ ആർക്കിയോളജിക്കൽ മ്യൂസിയമാക്കുന്ന പ്രക്രിയയിലേക്ക് നയിക്കില്ലേ എന്ന് ഗൗരവമായി സഭാംഗങ്ങൾ കാണേണ്ടിയിരിക്കുന്നു.



## 3. പ്രകൃതിവിഭവങ്ങളുടെ ഉടമസ്ഥാവകാശം

സിംഗപ്പൂരിന് ജലം വിൽക്കുന്നതിലൂടെ വൻതോതിൽ വിദേശ നാണ്യം നേടുന്ന രാജ്യമാണ് മലേഷ്യ. ഇതൊരു സമാന്യ തത്ത്വമായി പരിഗണിക്കുന്ന പക്ഷം ഓരോ സംസ്ഥാനവും മറ്റു സംസ്ഥാനങ്ങൾക്ക് ജലം പോലെയുള്ള വിഭവങ്ങൾ നൽകുമ്പോൾ അത് വിൽക്കുന്ന ഒരവസ്ഥ നിലവിൽ വരണം. ഇന്ന് ഭാരതത്തിൽ നിലനിൽക്കുന്ന കാലഹരണപ്പെട്ട ജലവിതരണ കരാറുകളും അതിന്റെ പേരിലുള്ള അന്തർ സംസ്ഥാന പോരുകളും ഇതിന്റെ വെളിച്ചത്തിൽ പുനർനിർവ്വചിക്കപ്പെടണം. ഭാരത നിയമ വ്യവസ്ഥിതി തിരുത്തി എഴുതപ്പെടണം എന്നാണ് ലേഖകന്റെ വിനീത മാനം. നിലവിൽ ജലം പൊതു സ്വത്തായാണ് ഗണിക്കപ്പെടുക. മറ്റു ധാതുക്കളെപ്പോലെ തന്നെ ജലവും ധാതുവായി ഗണിക്കപ്പെടണം.

മൂന്നാമതൊരു ലോകമഹായുദ്ധം ഉണ്ടാവുകയാണെങ്കിൽ അത് ജലത്തിന്റെ പേരിലായിരിക്കും എന്നാണ് പറയപ്പെടുന്നത്. ജല സ്രോതസ്സുകളും തദനുസൃതമായ പരിസ്ഥിതി സംരക്ഷണവും (ഉദാ: വനവത്കരണം) ഫലവത്തായി നടക്കണമെങ്കിൽ ജലം ഒരു ധനസമ്പാദന മാർഗ്ഗമായി ഗണിക്കപ്പെടണം. അങ്ങനെയെങ്കിൽ ഒരു കാലം വരുന്നപക്ഷം കുട്ടനാടിന്റെ ഭാവി വളരെ ശോഭനമായിരിക്കും. മാർപ്പാപ്പ ഉദ്ബോധിപ്പിക്കുന്നതുപോലെ സൃഷ്ടലോകത്തെ അതിന്റെ വിഭവങ്ങളെല്ലാം ശോഷിച്ച നിലയിൽ വരും തലമുറകൾക്ക് കൈമാറാൻ ഇടയാകരുത് (No.50) എന്ന മുന്നറിയിപ്പ് അർഹിക്കുന്ന ഗൗരവത്തിൽ കാണാനിടയാകട്ടെ.



# തുളുമ്പുന്ന കുടം

പ്രൊഫ. അബ്രഹാം കോക്കാട്ട്
എലിക്കുളം

രണ്ട് സഹോദരന്മാർ തങ്ങളുടെ കുടങ്ങളിൽ വെള്ളം ശേഖരിച്ച് വീട്ടിലേക്ക് മടങ്ങുകയായിരുന്നു. മൂത്ത സഹോദരൻ കുടത്തിൽ മുക്കാൽ ഭാഗം വെള്ളം മാത്രമേ എടുത്തിരുന്നുള്ളൂ. ഇളയ സഹോദരൻ വക്കോളം നിറച്ച് വെള്ളം എടുത്തു. അത് തുളുമ്പി പുറത്തേക്ക് ഒഴുകിക്കൊണ്ടിരുന്നു. ഇതുകണ്ട് മൂത്ത സഹോദരൻ ഈ ഇളയ സഹോദരനെ ശാസിച്ചു: “നിറയെ വെള്ളം എടുത്തതുകൊണ്ടല്ലേ വെള്ളം നഷ്ടപ്പെടുന്നത്. ഒരു തുള്ളി വെള്ളംപോലും നഷ്ടപ്പെടാത്ത് രീതിയിലാണ് ഞാൻ വെള്ളം ശേഖരിച്ചത്. അവർ യാത്ര തുടർന്ന് ലക്ഷ്യസ്ഥാനത്ത് എത്തി. എതാനും ദിവസങ്ങൾ കഴിഞ്ഞ് ആ വഴിയിലൂടെ യാത്ര ചെയ്തപ്പോൾ ഇളയ സഹോദരൻ സഞ്ചരിച്ച വഴിയുടെ വക്കത്തുള്ള ചെടികളും മരങ്ങളും പുഷ്ടിപ്രാപിച്ച് നില്ക്കുന്നതായും മൂത്ത സഹോദരൻ പോയ വഴിക്കുള്ള ചെടികൾ ഉണങ്ങിക്കരിഞ്ഞിരിക്കുന്നതായും കാണപ്പെട്ടു.


ഇളയ സഹോദരന്റെ കുടത്തിൽ ശേഖരിച്ചു വച്ചിരുന്നത് അളവില്ലാത്ത സ്നേഹത്തിന്റെ ജലമായിരുന്നു. അത് മറ്റുള്ളവർക്കായി നല്കിയപ്പോൾ അവർ സന്തോഷിക്കുകയും തൃപ്തിയടയുകയും ചെയ്തു. എന്നാൽ സ്വന്തം കാര്യം മാത്രം അന്വേഷിച്ച മൂത്ത സഹോദരന്റെ സ്വാർത്ഥതമൂലം, സ്നേഹദാരിദ്ര്യം മൂലം, മറ്റുള്ളവർക്ക് ഒരു നന്മയും ചെയ്യാൻ അദ്ദേഹത്തിന് സാധിച്ചില്ല. രണ്ടുപേർക്കും തുല്യ അവസരങ്ങളാണ് ദൈവം നല്കിയത്. മൂത്ത സഹോദരനെ ഏല്പിച്ച ദൗത്യം നിർവഹിക്കുന്നതിൽ അവൻ പരാജയപ്പെട്ടു. ഇളയ സഹോദരന്റെ കുടത്തിൽ നിന്ന് പുറപ്പെട്ട നന്മകൾപ്പോലെ മറ്റുള്ളവർക്ക് ശുശ്രൂഷചെയ്യാൻ, തന്നെപോലെ മറ്റുള്ളവരെ പരിഗണിക്കാൻ മിശിഹായ്ക്കു സമർപ്പിച്ച ഓരോരുത്തർക്കും സാധിക്കണം. കുടത്തിൽ നിന്ന് പുറത്തേക്ക് ഒഴുകുന്ന ജലം കൊണ്ട് വൻവൃക്ഷങ്ങൾ വരെ വളരുന്നു. ഒരുവന്റെ നന്മകൾ അവന്റെ ജീവിതകാലം മാത്രമല്ല തലമുറകളായി നില്ക്കുന്ന ഒരു വൻ വൃക്ഷംപോലെ ഭൂമിയിൽ നിലകൊള്ളുന്നു. അവന്റെ ജീവിതകാലത്ത് നിർവഹിക്കുന്ന സത്പ്രവൃത്തികൾ വരുംതലമുറയ്ക്ക് ഒരു പ്രചോദനമായി ഭവിക്കുന്നു. വരുംതലമുറകൾക്ക് അനുഭവിക്കാൻ സാധിക്കുന്നു. ഒരു പക്ഷേ ഏതാനും കൊച്ചുകൊച്ചു പൂച്ചെടികൾക്കും ചെറുചെടികൾക്കും വളരാനുള്ള വെള്ളമേ നമുക്കു നല്കാൻ കഴിഞ്ഞുള്ളുവെന്ന്

പ്രതീക്ഷയുടെ
## പൂമൊട്ടുകൾ

വരാം. ചിലർക്ക് വൻമരങ്ങൾക്ക് വെള്ളം കൊടുക്കുന്നതുപോലെ വലിയ തോതിൽ മറ്റുള്ളവരെ സഹായിക്കാൻ സാധിച്ചെന്നും വരാം. കഴിവിനൊത്ത് മറ്റുള്ളവർക്കുവേണ്ടി നമ്മുടെ സമയവും കഴിവുകളും സമ്പത്തും അറിവും വിനിയോഗിക്കാനാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്.

പ്രാർത്ഥനയ്ക്കിടെ ഒരു മനുഷ്യന് വെളിപാടുണ്ടായി. സ്വന്തം കുഞ്ഞിനുവേണ്ടി ഭിക്ഷയെടുക്കുന്ന ഒരമ്മ... പീഡനങ്ങൾക്കിരയായ മനുഷ്യർ... വികലാംഗർ... ഇത് കണ്ടിട്ട് ആ മനുഷ്യൻ ദൈവത്തോട് പരാതിപ്പെട്ടു: "ഇത്രയും ദുരിതങ്ങൾ ലോകത്തിൽ അനുഭവിക്കുന്നവർക്കുവേണ്ടി സ്നേഹസ്വരൂപനായ അങ്ങ് എന്തുകൊണ്ട് ഒന്നും ചെയ്യാതിരിക്കുന്നു?" അയാളുടെ ഹൃദയത്തിൽ ദൈവം ഇങ്ങനെ സംസാരിച്ചു: "ഞാൻ ഒരു കാര്യം ചെയ്തിട്ടുണ്ട്. ഞാൻ നിന്നെ സൃഷ്ടിച്ചു." മറ്റുള്ളവരുടെ ജീവിതാവസ്ഥയിലേക്ക് ഇറങ്ങിതിരിച്ച് അവരെ വേണ്ടവിധം സഹായിക്കാൻ നമുക്ക് കടമയുണ്ട്. ഒരുപക്ഷേ നാം അവരെപ്പോലെ ജനിച്ചിരുന്നെങ്കിൽ...! ഈ അവസ്ഥയെപ്പറ്റി ചിന്തിക്കുമ്പോൾ പരസ്നേഹത്തിന്റെ അരൂപി നമ്മിൽ മുളയെടുത്തെന്നു വരാം. പരസഹായം-പരസ്നേഹം എന്നത് സാമ്പത്തികമായ സഹായം മാത്രമാണെന്ന് കരുതുന്നത് പൂർണ്ണമായും ശരിയല്ല. സമ്പത്തു കൂടാതെ എങ്ങനെ മറ്റുള്ളവരെ സഹായിക്കാമെന്നും എങ്ങനെ സ്നേഹിക്കാമെന്നും ഹംഗറിയിലെ രാജ്ഞിയായ വി. എലിസബത്ത് നമ്മെ പഠിപ്പിക്കുന്നു - 'പണമില്ലാത്തപ്പോൾ നിങ്ങൾക്ക് അവരെ നോക്കാൻ രണ്ട് കണ്ണുകൾ ഉണ്ട്, അവരെ കേൾക്കാൻ രണ്ട് കാതുകൾ ഉണ്ട്, അവർക്ക് പുഞ്ചിരിയേകാൻ ചുണ്ടുകൾ ഉണ്ട്. അവരെ ആശ്വസിപ്പിക്കാൻ നാവുണ്ട്. അവരോട് അനുകമ്പകാണിക്കാൻ ഒരു ഹൃദയമുണ്ട്.' നിങ്ങൾ ജീവിക്കുന്ന സമൂഹത്തിൽ നിങ്ങളൊന്നും ചെയ്യുന്നില്ലെങ്കിൽ ഈ കല്ലുകളും ശവങ്ങളും നിങ്ങളും തമ്മിൽ എന്തു വ്യത്യാസമെന്ന് സ്വാമി വിവേകാനന്ദൻ ചോദിക്കുന്നു. "ചെയ്യേണ്ട നന്മ എന്താണ് എന്ന് അറിഞ്ഞിട്ടും അത് ചെയ്യാതിരിക്കുന്നവൻ പാപം ചെയ്യുന്നു" എന്ന് യാക്കോബ്ശ്ലീഹാ മുന്നറിയിപ്പു തരുന്നു (4,17). സമസൃഷ്ടികളെ സ്നേഹിക്കാൻ, കഴിയുംവിധം സഹായം നല്കാൻ, സങ്കടങ്ങളിൽ സഹതപിക്കാൻ, സഹനങ്ങളിൽ പങ്കുചേരാൻ നമുക്ക് സാധിക്കണം.

ദീർഘകാലം ഭൂമിയിൽ തപസ്സനുഷ്ഠിച്ച നല്ലവനായ ഒരു താപസൻ മരണശേഷം സ്വർഗ്ഗകവാടത്തിൽ എത്തി. ഉള്ളിൽനിന്ന് 'നിങ്ങൾ ആരാണ്?' എന്നു ചോദിക്കുന്നതായി താപസ്സൻ കേട്ടു. മറുപടിയായി താപസൻ പറഞ്ഞു: "പുറത്തു ഞാൻ ആകുന്നു". 'ഇവിടെ രണ്ടുപേർക്കു സ്ഥലമില്ല' എന്ന മറുപടിയാണ് അയാൾക്ക് കിട്ടിയത്. ആ താപസൻ ഭൂമിയിലേക്കു പുറന്തള്ളപ്പെടുകയും ചെയ്തു. വീണ്ടും അയാൾ ലോകത്തിൽ ജീവിച്ചു മരിച്ച് സ്വർഗ്ഗവാതിൽക്കൽ എത്തി. പഴയ ചോദ്യവും പഴയ ഉത്തരവും ആവർത്തിച്ചു. വാതിലുകൾ തുറക്കപ്പെട്ടില്ല. വീണ്ടും ഭൂമിയിലേക്കു തിരിച്ചുവന്ന അയാൾ മൂന്നാമതും സ്വർഗ്ഗകവാടത്തിൽ എത്തി. പതിവു ചോദ്യം വീണ്ടും ഉള്ളിൽനിന്നുണ്ടായി. 'പുറത്താരാകുന്നു' എന്ന ചോദ്യത്തിന് ഇത്തവണ "അങ്ങ് ആകുന്നു" എന്ന ഉത്തരമാണ് അയാൾ നല്കിയത്. അപ്പോൾ വാതിലുകൾ തുറക്കപ്പെടുകയും താപസൻ ഉള്ളിൽ പ്രവേശിക്കുകയും ചെയ്തു. 'ഞാൻ' എന്ന ഭാവം ഉള്ളതുകൊണ്ടല്ലേ ആദ്യത്തെ രണ്ടവസരങ്ങളിലും പ്രവേശനാനുമതി നിഷേധിക്കപ്പെട്ടത്? "നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ" (മത്താ 5,48) എന്ന് തിരുവചനത്തിൽ നാം വായിക്കുന്നു. ദൈവസ്നേഹത്തിൽ നിറഞ്ഞ് പരിപൂർണ്ണത പ്രാപിക്കാൻ ശ്രമിക്കുന്നവനുവേണ്ടി സ്വർഗ്ഗവാതിൽ മലർക്കെ തുറക്കപ്പെടും എന്ന സന്ദേശമാണ് ഈ കഥ തരുന്നത്. ഹ്രസ്വമോ ദീർഘമോ ആയ ജീവിതകാലമത്രയും ദൈവത്തിന്റെ പരമപ്രധാനമായ സ്നേഹപ്രമാണത്തിൽ അടിസ്ഥാനമിട്ടതായിരിക്കാൻ നമുക്ക് ശ്രദ്ധിക്കാം.



# ജീവിതത്തിൽ വിജയം നേടാൻ...

ജാൻസിമോൾ അഗസ്റ്റിൻ
കറുകപ്പറമ്പിൽ

പ്രിയപ്പെട്ട കൂട്ടുകാരേ,

ജീവിതത്തിൽ വിജയിക്കണം എന്നാഗ്രഹമുള്ളവരാണ് ഞാനും നിങ്ങളും. ഒരുദിവസം കൊണ്ടോ ഒരുവർഷം കൊണ്ടോ ജീവിതവിജയം നേടി എന്നു പറയുവാൻ നമുക്കാവില്ല. ഏറെഘടകങ്ങൾ ജീവിതവിജയത്തെ സ്വാധീനിക്കുന്നുണ്ട്. ആത്മവിശകലനം നടത്തി നിങ്ങൾ ഈ വരികൾ വായിക്കുക. ചിലതു ചെയ്യേണ്ടതും, ചിലതു കൂട്ടിച്ചേർക്കേണ്ടതും, ചിലതു മാറ്റിവയ്ക്കേണ്ടതുമാണ്. എന്റെ ജീവിതാനുഭവങ്ങളും എനിക്കു പരിചയമുള്ളവരുടെ ജീവിതാനുഭവങ്ങളും ക്രോഡീകരിച്ച് ഞാൻ എഴുതുന്ന ഈ കാര്യങ്ങൾ നിങ്ങളുടെ ജീവിതത്തെ വിജയത്തിലെത്തിക്കും എന്നാണ് എന്റെ പ്രതീക്ഷ.

**വിൽമ റുഡോൾഫ്:** ഒരു ദരിദ്ര കുടുംബത്തിൽ ജനിച്ച പെൺകുട്ടിയായിരുന്നു അവൾ. മാതാപിതാക്കൾക്ക് അത്രവലിയ വിദ്യാഭ്യാസമൊന്നുമുണ്ടായിരുന്നില്ല. നാലാമത്തെ വയസ്സിൽ അവൾക്കു പോളിയോ ബാധിച്ചു. ഒരിക്കലും അവൾക്കിനി നടക്കാനാവില്ല എന്ന് ഡോക്ടർമാർ വിധിച്ചു. എന്നാൽ അവളുടെ അമ്മ ദൈവത്തിൽ ആശ്രയിച്ചു പ്രാർത്ഥിച്ചുകൊണ്ട് അവളോടിപ്രകാരം പറഞ്ഞു: “മോൾക്ക് നടക്കാനും ഓടാനും ഉയരങ്ങൾ കീഴടക്കാനും കഴിയും”. നിൽക്കാനോ നടക്കാനോ കഴിയാത്ത വിൽമയെ എല്ലാദിവസവും അമ്മ ഇങ്ങനെ ആശ്വസിപ്പിച്ചു. അമ്മയുടെ വാക്കുകളിൽ അവൾ വിശ്വാസമർപ്പിച്ചു. ഒൻപതാമത്തെ വയസ്സിൽ അവൾ അമ്മയോടു പറഞ്ഞു: “അമ്മേ എനിക്ക് ഓട്ടമത്സരത്തിൽ ലോകചാമ്പ്യനാകണം”. “നിന്റെ ആഗ്രഹം പോലെ നടക്കും” അമ്മ പ്രതിവചിച്ചു. ഏറെകഴിയുന്നതിനുമുൻപ് അവളുടെ ബലമില്ലാത്ത കാലുകളെ ശക്തിപ്പെടുത്താൻ കെട്ടിവച്ചിരുന്ന ദണ്ഡുകളെടുത്ത് അവൾ ദൂരെയെറിഞ്ഞു. വളരെ വേദന സഹിച്ച് അവൾ സ്വയം എഴുന്നേറ്റുനിന്നു. ഒരുവർഷത്തോളം കഠിനമായി പരിശ്രമിച്ച് അവൾ ഓടാൻ തുടങ്ങി. കൂട്ടുകാരികളുമൊത്ത് അവൾ ഓട്ടമത്സരത്തിൽ പങ്കെടുത്തു. ഒടുവിൽ എഡ്ടെമ്പിൾ എന്ന കോച്ചിന്റെ സഹായം തേടി. “എനിക്ക് ഓട്ടത്തിൽ ലോകചാമ്പ്യനാകണം” വിൽമ അദ്ദേഹത്തെ തന്റെ തീവ്രമായ ആഗ്രഹം അറിയിച്ചു. അവളുടെ ആഗ്രഹത്തിന്റെ ശക്തി അറിഞ്ഞ കോച്ച് അവളെ നന്നായി പ്രോത്സാഹിപ്പിച്ചു. അദ്ദേഹത്തിന്റെ ശിക്ഷണത്തിനുകീഴിൽ പ്രാർത്ഥനയോടെ അവൾ പരിശ്രമം ആരംഭിച്ചു. അന്നു ലോകത്തിലെ ഏറ്റവും വേഗതയേറിയ ഓട്ടക്കാരി **‘ചുത്താഹെയിൻ’** ആയിരുന്നു. അവരെ പരാജയപ്പെടുത്തണം എന്ന് വിൽമ ദൃഢനിശ്ചയം ചെയ്തു. 1960 ലെ റോം ഒളിമ്പി

മാണ് ഇവൾ ഭക്ഷിച്ചിരുന്നത്. എന്നിട്ടും ഇവൾക്ക് പരാതിയും പരിഭവവുമില്ലായിരുന്നു. തണുപ്പിൽ നിന്ന് രക്ഷപെടാനാവശ്യമായ കമ്പിളിവസ്ത്രങ്ങളും എന്തിന് കീറിത്തുന്നിയതല്ലാത്ത ഒരു വസ്ത്രം പോലും കിട്ടാനില്ലായിരുന്നു ജെർമ്മയിന്.

കണ്ഠമാല തന്റെ കുഞ്ഞുങ്ങൾക്കും പകരുമെന്നു ഭയന്ന് രണ്ടാനമ്മ സ്വന്തം വീടായ കുസീൻ ഭവനത്തിൽ കിടക്കാനൊരിടം ജർമ്മയിനു നിഷേധിച്ചു. അതിനാൽ ആടുകളെയും കോഴികളെയും വളർത്തുന്ന പാർപ്പിടത്തിൽ ഒരു ഗോവണിക്കു താഴെയായി... കമ്പുകളും ഇലകളും കൊണ്ടുള്ള തന്റെ കിടക്കയിൽ അവൾ രാത്രികൾ ചെലവഴിച്ചു. എന്റെ കുഞ്ഞ് ഒത്തിരി സഹിച്ചു എന്ന് പറഞ്ഞു മണവാട്ടിയെ ചേർത്തുപിടിച്ചപ്പോൾ അവൾ പറഞ്ഞു... "ആ രാത്രികളൊക്കെ എനിക്ക് ഹൃദ്യമായിരുന്നു. നിന്നോടു സംസാരിക്കാനുള്ള രാത്രികളായിരുന്നു... അതുകൊണ്ട് എന്റെ സഹനങ്ങളൊക്കെ എനിക്ക് മധുരകരമായിരുന്നു".

കാലം കടന്നുപോയി... ജെർമ്മയിന് വിവാഹപ്രായമായിത്തുടങ്ങി... അവളെ വിവാഹം കഴിക്കാൻ ആരും തയ്യാറാവില്ലെന്ന് രണ്ടാനമ്മയ്ക്ക് അറിയാമായിരുന്നു. അതിനാൽ ജീവിതകാലം മുഴുവൻ അവളെ തീറ്റിപ്പോറ്റേണ്ടിവരുമെന്നുള്ള ചിന്ത അവരെ കുപിതയാക്കി. നിറയെ ചെന്നായ്ക്കളുള്ള വനത്തിലേക്ക് ആടുമേയ്ക്കാനായി അവളെ പറഞ്ഞയയ്ക്കുകയുണ്ടായി. എന്നാൽ അവിടെയെല്ലാം ഞാൻ ജർമ്മയിനോടൊപ്പം ഉണ്ടായിരുന്നു...


ഇരുവരും പരസ്പരം മുഖത്തുനോക്കി പുഞ്ചിരിച്ചപ്പോൾ പരാതിക്കാരി നാണത്തോടെ തലതാഴ്ത്തി... തലതാഴ്ത്തിയവളെയും മാറോടുചേർത്ത് ഉത്ഥിതൻ സ്നേഹത്തോടെ തുടർന്നു. തന്റെ വടി കുത്തിനിർത്തിയിട്ട് ഇതിനുചുറ്റും മേയുക എന്ന് ആടുകളോട് പറഞ്ഞുകൊണ്ട് ജെർമ്മയിൻ പിമ്പോക്ക് ദൈവാലയത്തിലെത്തി ബലിയർപ്പിക്കുമായിരുന്നു.... ഇവളുടെ ജീവിതത്തിലുണ്ടായ ഒരുപാടു അത്ഭുതങ്ങൾ...... അത്രയും പറഞ്ഞപ്പോഴേക്കും ജെർമ്മയിൻ സ്നേഹസ്വാതന്ത്ര്യത്തോടെ കർത്താവിന്റെ കരം കവർന്നു... പിന്നീട് അവളുടെ ആംഗ്യങ്ങൾ വേണ്ടെന്നായിരുന്നു...

സഹനത്തെക്കുറിച്ച് മാത്രം പറയുന്നതായിരുന്നു അവൾക്ക് സന്തോഷം... രണ്ടാനമ്മയുടെ അതിക്രൂരമായ മർദ്ദനങ്ങളുടെ ചിത്രങ്ങളെല്ലാം പരാതിക്കാരിയുടെ മുൻപിൽ ഒരു സിനിമയിലെന്നപോലെ കടന്നുപോയി. 1601 ലെ ജൂൺമാസം 15-ാം തീയതി... പീഡാനുഭവങ്ങളുടെയും സഹനങ്ങളുടെയും തിരസ്കരണങ്ങളുടെയും നടുവിൽ നിന്ന് ജെർമ്മയിൻ സ്വർഗ്ഗത്തിലേക്ക് കരേറ്റപ്പെട്ടു. 1867 ൽ സഭ ജെർമ്മയിനെ വിശുദ്ധയായി അൾത്താരയിലേക്കുയർത്തി...

അഭൗമികമായ തേജസ്സിൽ മുഴുകിയിരുന്നപ്പോൾ.... വി. ജെർമ്മയിനെ നോക്കി.... അവൾ പാടി... വിജയം മരണത്തെ ഗ്രസിച്ചു

*"മൃതിയുടെ അധികാരം*
*തകരുകയാൽ നിങ്ങൾ*
*നുകരുക സന്തോഷം*
*സഹനം വഴിയായ് മൃതിയുടെമേല്*
*വിജയം നേടിയ മിശിഹാതൻ*
*ഉത്ഥാനത്താലായുസ്സിൻ*
*വാതിൽ മർത്യൻ കണ്ടെത്തി*
*കർത്താവിൻ-നാമം വാഴ്ത്തീടാം"*

(ഉയിർപ്പുകാലം വെള്ളി റംശാ, ഓനീസാ ദക്ദം...)



മാറ്ററീതികളിൽ ചില വ്യതിയാനങ്ങൾ വരുത്തുവാനുള്ള പക്വത നാം ആർജിച്ചെടുക്കണം. Role Effectiveness എന്നാണ് ഇതിനെ വിളിക്കുക. Role Effectiveness ഇല്ലാതെ വരുമ്പോൾ പ്രശ്നങ്ങൾ പലതും വഷളാകും.

ജീവിതവിജയം നേടണമെങ്കിൽ നാം ബോധപൂർവം ചില ഗുണങ്ങളെ വളർത്തിയെടുക്കണം, ചിലത് ഇല്ലാതാക്കുകയും വേണം.

**വികസിപ്പിച്ചെടുക്കേണ്ട സ്വഭാവഗുണങ്ങൾ:**

S - Sense of direction - ദിശാബോധം
U - Understanding - മനസ്സിലാക്കൽ
C - Courage and character - നിർഭയത്വം, സൽസ്വഭാവം
C - Charity and commitment - പരോപകാരം, അർപ്പണമനോഭാവം
E - Esteem - ആദരവ്
S - Self confidence, Self respect - ആത്മവിശ്വാസം, ആത്മാഭിമാനം
S - Self motivation - ആത്മപ്രചോദനം


**വർജിക്കേണ്ട (ഒഴിവാക്കേണ്ട) സ്വഭാവസവിശേഷതകൾ:**

F - Frustration - നിരാശാബോധം
A- Aggressiveness - ആക്രമണസ്വഭാവം
I - Insecurity - അരക്ഷിതത്വം
L - Loneliness - ഏകാന്തത
U - Uncertainty - അനിശ്ചിതത്വം
R - Resentment - നീരസം
E - Emptiness - ശൂന്യത

ഇവ ഓരോന്നും എന്തെന്ന് ഇനിയുള്ള ലേഖനങ്ങളിൽ കൂടി വ്യക്തമാക്കാം. വായിച്ച വിവരങ്ങൾ എഴുതി സൂക്ഷിക്കൂ... തീർച്ചയായും നിങ്ങളുടെ ജീവിതവും വിജയത്തിലെത്തും.

കവിത

# വിരുന്ന്



ജീവിതം പകുത്തവൻ 'വിരുന്നൊ'രുക്കി
വിരുന്നിലേക്കെനിക്കവൻ ക്ഷണവും നൽകി
ജീവിതം മുഴുവൻ വിരുന്നായൊരുക്കി
വിരുന്നായി മാറുവാൻ മാതൃകയായ്...

കടലിന്റെ ഓരത്ത് വിരുന്നൊരുക്കി
അരുമയോടണികളെ കാത്തിരുന്നു
എമ്മാവൂസ് വഴിയിലും കൂട്ടാളിയായ്
വിരുന്നിന്റെ വിശുദ്ധമാമുണർവ്വുനൽകി.

കുരിശേന്തി കാൽവരി കയറിയവൻ
വിരുന്നിന്റെ പിന്നിലെ ക്ലേശമോതി
മഹത്ത്വത്തിൻ വെണ്മേഘത്തേരിലേറി
ശാന്തിതൻ ദൂതുമായ് വീണ്ടുമെത്തി.

വാക്കിൽ വിരുന്നായി..... നോക്കിൽ വിരുന്നേകി
ജീവിതം വിരുന്നിന്റെയാഘോഷമായ്
സ്വയമൊരു വിരുന്നായ് സഹജനേകാൻ
'ഉയിർപ്പെ'ന്റെ ജീവനിൽ വിരുന്നാകട്ടെ.

ഉത്ഥിതനേകിടും ശാന്തിയെന്നിൽ
ജീവന്റെ വിരുന്നായി നിറഞ്ഞിടട്ടെ
വിരുന്നിന്റെ സമൃദ്ധിയിൽ മമജീവിതം
അപരനൊരനുഗ്രഹമായ് മാറട്ടെ.

നോയൽ ജോർജ്

പ്രതീക്ഷയുടെ
പൂമൊട്ടുകൾ



# ദൈവത്തിന് മനമാറ്റമുണ്ടോ?

എം.സി. ഇൽഡെഫോൺസ്
സോഷ്യൽ ആനിമേറ്റർ

ദിവസവും നാം പല പ്രാവശ്യം ദൈവത്തെ വിളിച്ചപേക്ഷിക്കുന്നു. പ്രാർത്ഥിക്കുന്നു; യാചിക്കുന്നു. പക്ഷേ ഒരിക്കലും "ദൈവമേ, നിന്റെ ഇഷ്ടം എന്നിൽ നിറവേറേണമേ!" എന്നു ആത്മാർത്ഥമായി നമ്മിൽ എത്രപേർക്കു പ്രാർത്ഥിക്കുവാൻ സാധിക്കുന്നു?

"മുട്ടുവിൻ നിങ്ങൾക്കു തുറക്കപ്പെടും", "ചോദിക്കുവിൻ നിങ്ങൾക്കു നൽകപ്പെടും". ഇതു ദൈവത്തിന്റെ തിരുവചനങ്ങളാണ്. ഇതു വളരെ ശരിയാണ്. പക്ഷേ പലപ്പോഴും നമ്മുടെ പ്രാർത്ഥനകൾ ശ്രവിക്കപ്പെടുന്നില്ല, ചോദിക്കുന്നതു നൽകപ്പെടുന്നുമില്ല. എന്താണിതിനു കാരണം? നാം കാരണം ഒരിക്കലും തിരക്കാറില്ല. പക്ഷേ നമുക്കു നിരാശ മാത്രം ബാക്കി. മനസ്സിരുത്തി ഒന്നു ചിന്തിച്ചാൽ മനസ്സിലാകും നാം ചോദിച്ചതു ലഭിച്ചാൽ ഗുണത്തിനാവില്ല, ചിലപ്പോൾ നാശത്തിനുമായിരിക്കും. ദൈവത്തിനു കാലവും സമയമവുമില്ല. ചിലപ്പോൾ നാശത്തിനുമായിരിക്കും. ദൈവത്തിനു കാലവും സമയവുമില്ല. നമുക്കു തിന്മവരുവാൻ ദൈവം ഒരിക്കലും ആഗ്രഹിക്കുന്നില്ല. പാപിയായാലും നീതിമാനായാലും ദൈവം അവരെ വിവേചിക്കുന്നില്ല. മറിച്ച് അവരുടെ ആവശ്യങ്ങൾക്കും ആവലാതികൾക്കും മറുപടി എപ്പോൾ, എങ്ങനെ നൽകണമെന്നു ദൈവത്തിനറിയാം. "നാം ഒന്നു ചിന്തിക്കുന്നു; ദൈവം മറിച്ചും". "Man proposes, but God disposes" എന്നൊരു ചൊല്ലുണ്ട്. ഇതിന്നർത്ഥം നമുക്കു സംഭവിക്കുന്നതു മുഴുവനും നമ്മുടെ ഇഷ്ടമനുസരിച്ചല്ല, മറിച്ച് ദൈവനിശ്ചയമനുസരിച്ചാണ്. അതേ സമയം ദൈവം നമുക്ക് എല്ലാകാര്യങ്ങളിലും പൂർണ്ണസ്വാതന്ത്ര്യം നൽകിയിട്ടിണ്ട്. നമുക്കു ഒരുകാര്യം ചെയ്യുവാനോ ചെയ്യാതിരിക്കുവാനോ ഉള്ള സ്വാതന്ത്ര്യമുണ്ട്. ഇവിടെയാണ് മനുഷ്യൻ ദൈവമഹത്ത്വം ദർശിക്കുന്നത്. നമുക്ക് പൂർണ്ണസ്വാതന്ത്ര്യമുള്ളതുകൊണ്ട് നമുക്കു തെറ്റുചെയ്യാനും നന്മ പ്രവർത്തിക്കാനുമുള്ള സ്വാതന്ത്ര്യമുണ്ട്. ദൈവത്തെ നിഷേധിക്കുവാനും സ്നേഹിക്കുവാനും സ്വാതന്ത്ര്യമുണ്ട്. ദൈവത്തെ തള്ളിപ്പറഞ്ഞതുകൊണ്ട് ദൈവം നമ്മെ വെറുക്കുന്നില്ല. കാരണം "ദൈവം സ്നേഹമാണ്"- "God is Love". ദൈവത്തിനു തന്റെ മക്കളെ സ്നേഹിക്കുവാൻ മാത്രമേ കഴിയൂ. നാം തെറ്റുകൾ ചെയ്യു

## പ്രതീക്ഷയുടെ പൂമൊട്ടുകൾ

*നമുക്കു വേണ്ടത് വേണ്ട സമയത്ത്,
വേണ്ട രീതിയിലും അളവിലും
ദൈവം നമുക്കു നൽകുന്നു.*


മ്പോൾ ദൈവം നമ്മെ വെറുക്കുന്നില്ല. മറിച്ച് പാപിയെന്നോ പാവപ്പെട്ടവനെന്നോ നോക്കാതെ പരിധിയില്ലാതെ സ്നേഹിക്കുന്നു. ദൈവം ഒരു ഭിക്ഷാം ദേഹിയെപ്പോലെ എപ്പോഴും നമ്മുടെ പുറകിലുണ്ട്. നമ്മുടെ സ്നേഹം ദൈവം ആവശ്യപ്പെടുന്നു. അങ്ങനെയുള്ള നമ്മുടെ ദൈവത്തോടു നമുക്ക് സ്വാതന്ത്ര്യത്തോടെ എന്തും എപ്പോഴും ചോദിക്കാം. പക്ഷേ, നാം ചോദിക്കുന്നതു ദൈവം നമുക്കു തരണമെന്നില്ല. ദൈവത്തിനു കഴിഞ്ഞതും നടക്കുന്നതും വരാനിരിക്കുന്നതുമായ എല്ലാകാര്യങ്ങളും കാണാം. അതുകൊണ്ട്, നമുക്കു വേണ്ടത് വേണ്ട സമയത്ത്, വേണ്ട രീതിയിലും അളവിലും ദൈവം നമുക്കു നൽകുന്നു. അതും നമ്മുടെ നന്മയ്ക്കാണെങ്കിൽ മാത്രം. ചിലപ്പോൾ നാം ചോദിക്കുന്നതു നൽകുന്നുമില്ല. അതിന്റേയും കാരണം മിക്കപ്പോഴും നമുക്കു തിന്മയ്ക്കായി ഭവിക്കുമെന്നാവാം. എങ്കിലും എല്ലാ കാര്യങ്ങളിലും ദൈവം തിരുമനസ്സാകുന്നു; അതു നടപ്പിലാക്കുന്നു. നാം അതു കൃതജ്ഞതയോടെ സ്വീകരിക്കുക, സംതൃപ്തരാവുക. കാരണം അന്തിമതീരുമാനം ദൈവനിശ്ചയം മാത്രം.


നമ്മുടെ അപകട സമയങ്ങളിൽ നാം ദൈവത്തെ വിളിച്ചപേക്ഷിക്കുന്നു. അപ്പോൾ ദൈവം വിളി കേൾക്കുമെന്നു നാം പ്രതീക്ഷിക്കുന്നു. ദൈവം അതു സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യാം. ദൈവതിരുമനസ്സു വായിച്ചെടുക്കുവാൻ മനുഷ്യന് അസാദ്ധ്യമാണ്.

ഒരിക്കൽ ഇതുപോലൊരവസ്ഥയിൽ ഒരു വണ്ടും (അളി) വന്നു പെട്ടു. വണ്ട് പൂക്കളിൽ നിന്നു പൂക്കളിലേക്കു പറന്നു നടന്നു തേൻനുകർന്നു ഉല്ലസിച്ചു നടന്നു. അവസാനം ഒരു താമരക്കുളത്തിനരുകിലെത്തി. അവിടെ അനേകം താമരപ്പൂക്കൾ (പത്മിനി) വിടർന്നു വിലസുന്നു. ഇതുകണ്ട മാത്രയിൽ വണ്ടു താമരപ്പൂക്കളിൽ തേൻ നുകരാൻ ആരംഭിച്ചു. ഒന്നിനു പുറകെ മറ്റൊന്നിൽ ചെന്നിരുന്നു. അവസാനം ഒരു താമരപ്പൂവിലിരുന്നു വണ്ടു തേൻ നുകരുമ്പോൾ നേരം സന്ധ്യയാകുന്ന കാര്യം വണ്ടു മറന്നു. സൂര്യൻ പടിഞ്ഞാറു കടലിൽ താണു. നേരമിരുട്ടി, ഈ സമയം താമരപ്പൂ ഇതളുകൾ മൂടി, മൊട്ടായിത്തീർന്നു. പാവം വണ്ടും അതിനകത്ത് അകപ്പെട്ടു. അപകടത്തിലായ അവസ്ഥയിൽ ആ പൂമൊട്ടിനകത്തിരുന്നു വണ്ടു വളരെ പ്രതീക്ഷയോടെ ഇങ്ങനെ ചിന്തിച്ചു:

*"രാവിപ്പോളൊടുങ്ങിടും
സൂര്യൻ ദേവനുദിക്കും
ഉഷസ്സങ്ങും പ്രകാശിച്ചിടും
ഇക്കമലവും കാലേവിടർന്നീടുമേ
ഏവം മൊട്ടിനകത്തിരുന്നളി
മനോരാജ്യം തുടർന്നീടവേ
ദൈവത്തിൻ മാനമാരുകണ്ടു?
പിഴുതാൻ ദന്തീദ്രനപ്പത്മിനീം!!"*

താമരക്കുളത്തിലിറങ്ങിയ ആന താമരയും മൊട്ടും കൂടെ പിഴുതെടുത്ത് അവന്റെ വയറ്റിലാക്കി. ഇതുപോലെ തന്നെയാവും നമ്മുടെ കാര്യത്തിലും സംഭവിക്കുക. അതുകൊണ്ട് എല്ലാം ദൈവതിരുമനസ്സിനു വിടുക. ദൈവേഷ്ടം നിറവേറാൻ നമുക്കു പ്രാർത്ഥിക്കാം!!





പ്രതീക്ഷയുടെ പൂമൊട്ടുകൾ



# പെണ്ണിനെ ഇഷ്ടമായി, പക്ഷേ...

ഫാ. സിറിയക് കോട്ടയിൽ
ഫാമിലി അപ്പോസ്തലേറ്റ്, ചങ്ങനാശ്ശേരി

മക്കളിൽ ഇളയവളാണ് അനുജ. എം.എസ്സി.ബി.എഡ്ഡുകാരത്തി. ഇപ്പോൾ കോൺവെന്റ് സ്കൂളിൽ ജോലി നോക്കുന്നു. അനുജയ്ക്ക് വിവാഹാലോചന പലയിടങ്ങളിൽ നിന്നുമെത്തുന്നുണ്ടെങ്കിലും ഓരോരോ കാരണങ്ങൾ പറഞ്ഞ് വരുന്നവരൊക്കെ പിന്നീടറിയിക്കാമെന്ന വാക്കോടെ തിരിച്ചുപോകുകയാണ്. മൂത്ത മൂന്ന് പെൺമക്കളുടെയും വിവാഹം നടന്നു. ഭർത്താക്കന്മാർക്കും മക്കൾക്കുമൊപ്പം സന്തോഷത്തോടെ അവർ കഴിയുന്നു. അനുജയുടെ വിവാഹത്തിനുമാത്രം തടസമെന്തേ എന്ന് നിങ്ങൾ ചോദിക്കുന്നുണ്ടാവും. തടസം അനുജയോ അവളുടെ പെരുമാറ്റ ദൂഷ്യമോ അല്ല; അമ്മ ഏലിയാമ്മയാണ്. ഇങ്ങനെയുമുണ്ടോ തള്ളമാരെന്ന് നിങ്ങൾ ഇപ്പോൾ ചിന്തിക്കുന്നുണ്ടാവും. തോക്കിൽ കേറി വെടിവെക്കാൻ വരട്ടെ. ഏലിയാമ്മയുടെ ഭർത്താവ് ചാക്കോച്ചൻ ചെറുകിട രാഷ്ടീയ പ്രവർത്തകൻ, കോൺഗ്രസുകാരൻ, മരിച്ചിട്ട് വർഷം ഇരുപതു കഴിഞ്ഞു. മക്കളോരോരുത്തരുടെയും പേരിൽ അയാൾ അത്ര ചെറുതല്ലാത്ത തുകകൾ ഫിക്സഡ് ഡിപ്പോസിറ്റായി ഇട്ടിരുന്നതുകൊണ്ട് മൂത്ത മൂന്നു മക്കളുടെയും വിവാഹങ്ങൾ നടന്നത് വലിയ ബുദ്ധിമുട്ടുകൂടാതെയാണ്. അനുജയുടെ പേരിലും ബാങ്കിൽ തുകയുണ്ട്. അമ്മയെ നോക്കുന്നവർക്കാണ് വീടും വീടിരിക്കുന്ന പതിനേഴു സെന്റു സ്ഥലവും. മൂത്ത മൂന്ന് പെൺമക്കളും അവരുടെ ഭർത്താക്കന്മാരും ആ ഒരുത്തരവാദിത്വം ഏറ്റെടുക്കാൻ മുന്നോട്ടുവന്നില്ല. ഈയൊരു സാഹചര്യത്തിലാണ് തന്റെ ഇളയ മകൾക്കുവേണ്ടി ഏലിയാമ്മ ദത്തു കല്ല്യാണത്തിനുള്ള 'എൻട്രികൾ' ക്ഷണിച്ചത്. വന്നവരൊക്കെ പെണ്ണിനെയും അമ്മയേയും കണ്ടു. പലർക്കും പെണ്ണിനെ പോതിച്ചു. പക്ഷേ അമ്മേക്കൂടി നോക്കണ്ടെ. ഏലിയാമ്മയ്ക്കാണെങ്കിൽ ഇല്ലാത്ത അസുഖങ്ങളില്ല. എന്തിനാ ഇല്ലാത്ത പൊല്ലാപ്പിന് പോകുന്നെന്നാ ഏവരുടെയും ചോദ്യം. അവസാനം മനം മടുത്ത് ഏലിയാമ്മ പറഞ്ഞു: "എന്റെ കാര്യം ഓർത്ത് ആരും വേവലാതിപ്പെടേണ്ടാ. വീടും സ്ഥലവും വിറ്റുകിട്ടുന്ന പണം വല്ല ആതുരാലയത്തിലും ഏൽപ്പിച്ച് തന്നെ അവിടെ കൊണ്ടാക്കിയാൽ മതി. അനുജക്ക് മനസുണ്ടായിട്ടെന്താ കാര്യം, കെട്ടാൻ വരുന്ന കൂട്ടർക്ക് തന്നെക്കൂടി ഉൾക്കൊള്ളാനുള്ള മനസ് ഉണ്ടാവണ്ടെ".


ചാക്കോച്ചനെപ്പോലുള്ള ഭർത്താക്കന്മാരുടെ നിത്യമായ വേർപാടുമൂലം വ്യഥ അനുഭവിക്കേണ്ടിവരുന്ന ഏലിയാമ്മമാർ നമ്മുടെ സമൂഹത്തിൽ ഇന്നെണ്ണത്തിൽ കൂടുതലാണ്. വൈധവ്യം മുള്ളുപോലെ ജീവിതത്തിൽ കുത്തിനോവിക്കുന്ന അനുഭവം ഉള്ളവരാണിവർ. താൻ ആരുടെയോ ഒക്കെ സ്വന്തമാണെന്നും തനിക്ക് ആരെല്ലാമോ ഒക്കെ ഉണ്ടെന്നും

ചിന്തിച്ചിരുന്നവർ ജീവിതപങ്കാളിയുടെ മരണത്തോടെ താൻ അനാഥയായി എന്ന് ചിന്തിക്കാൻ നിർബന്ധിതയായിത്തീരുന്ന ദുരവസ്ഥ. ഏലിയാമ്മയ്ക്ക് അപ്രതീക്ഷിതമായ ഈ അവസ്ഥ നോവിക്കുന്ന ഒരു മുറിവുതന്നെയാണ്. താൻ ഒറ്റക്കാണെന്ന് ചിന്തിക്കാൻ ഏലിയാമ്മക്ക് തക്കതായ കാരണമുണ്ട്. ഈയൊരു മാനസികാവസ്ഥയിലേക്ക് അമ്മ എത്താതിരിക്കാൻ മക്കൾ അങ്ങേയറ്റം ശ്രദ്ധിക്കേണ്ടതായിരുന്നു. ഇക്കാര്യത്തിൽ അനുജ മാത്രം ശ്രദ്ധിച്ചിട്ടെന്തു കാര്യം. അവൾ തീർത്തും നിസ്സഹായയാണെന്നുള്ള കാര്യം പകൽപോലെ വ്യക്തം. മൂത്ത മക്കൾക്കും ഇക്കാര്യത്തെ സംബന്ധിച്ച് ഏകപക്ഷീയമായ തീരുമാനം കൈക്കൊള്ളാനാവില്ല. എന്നാൽ ഭാര്യമാരെ കൈപ്പറ്റിയവർ ഒന്നടങ്കം തങ്ങളുടെ ഭാര്യമാർ വന്നവഴി മറന്നത് പന്തിയായില്ല. ഈയൊരു തരത്തിലാണ് മക്കളും മരുമക്കളുമൊക്കെ ചിന്തിക്കുന്നതെങ്കിൽ ബന്ധങ്ങൾക്ക് എന്താണൊരർത്ഥം. തള്ളപ്പശുവിനെ പശുക്കിടാങ്ങൾക്കും കാളക്കിടാങ്ങൾക്കും കണ്ടില്ലെന്നു നടിക്കാം. അവ മൃഗങ്ങളല്ലേ? പക്ഷേ മനുഷ്യർ അപ്രകാരം ആകാൻ പാടുണ്ടോ? ബന്ധങ്ങൾക്ക് നൽകേണ്ട അർഹമായ പ്രാധാന്യം മനുഷ്യൻ നൽകാതാവുമ്പോൾ അവൻ മനുഷ്യനല്ലാതാവുകയല്ലേ? അമ്മെ നോക്കാൻ തീരുമാനിച്ചാൽ അത് തങ്ങൾക്ക് 'കോടാലി'യായിത്തീരുമോ എന്ന ചിന്ത. അമ്മെ നോക്കുന്നത് അരുതാത്തതെന്തോ ആണെന്ന പുരോഗമനവാദിയുടെ വ്യർത്ഥചിന്ത.

സുരക്ഷിതത്വത്തെക്കുറിച്ചും കുടുംബസന്തോഷത്തെക്കുറിച്ചുമൊക്കെ ചിന്തിക്കുന്നവർ, ചിലരുടെയൊക്കെ സാന്നിധ്യം തങ്ങൾക്കും തങ്ങളുടെ മക്കൾക്കും അസൗകര്യങ്ങളുണ്ടാക്കുമെന്ന് ചിന്തിച്ചാൽ അത് വെറും പാഴ്ചിന്തയെന്നല്ലേ പറയാനാവൂ. അനുജയെ കാണാൻ എത്തുന്നവർ അമ്മ തടസമാണെന്ന് ചിന്തിച്ച് പിൻവാങ്ങിയെന്നത് കുടുംബജീവിത കാഴ്ചപ്പാടിൽ നിന്ന് നമ്മുടെ സമൂഹം എത്രകണ്ട് പിന്നാക്കം പോയി എന്ന് സൂചിപ്പിക്കുന്നതാണ്. 'താനും തനിക്കുള്ളതും' എന്നു മാത്രം ചിന്തിക്കുന്ന ഇന്നത്തെ കുടുംബജീവിതക്കാർ ജീവന്റെ മാഹാത്മ്യത്തെ മറന്നുകളയുന്നവരാണ്. ആർക്കുവേണ്ടി നൊമ്പരങ്ങൾ അനുഭവിച്ചോ അവരൊക്കെതന്നെ മാതാപിതാക്കളെ 'വേണ്ടാത്തവർ' എന്ന ലേബലോടെ പുറംപോക്കിലേക്ക് തള്ളുമ്പോൾ ഭാവിയിൽ ഇതിനേക്കാൾ മെച്ചമായ ഒരു പെരുമാറ്റം തങ്ങളുടെ മക്കളിൽനിന്നും മരുമക്കളിൽനിന്നും അവർക്കും പ്രതീക്ഷിക്കാനുണ്ടാവില്ല എന്നുകൂടി ഓർമ്മിക്കണം.

ബന്ധം പിൻമുൻ കരുതലാവണം. മുന്നിൽ പോയവരേയും പിന്നാലെ വരുന്നവരെയും തുല്യപ്രാധാന്യത്തോടെ പരിഗണിക്കുന്നതാവണം അത്. അവിടെ അവഗണിക്കലില്ല. സ്നേഹത്തോടെയുള്ള അംഗീകരിക്കൽ മാത്രം. ഓരോരുത്തർക്കും തങ്ങളെത്തന്നെ വിലമതിക്കാനുള്ള വഴിയും ഇതുതന്നെയാണ്.

"പുത്രിയെ വിവാഹം ചെയ്തുകൊടുക്കുമ്പോൾ, വലിയ ഒരു ചുമതല തീരുന്നു; വിവേകമുള്ള ഒരുവനു വേണം അവളെ നല്കാൻ"
(പ്രഭാ 7,25)



പ്രതീക്ഷയുടെ
പൂമൊട്ടുകൾ

കഥ



# ഉത്ഥിതനെ കണ്ട കണ്ണുകൾ...

പ്രീനു റോയി
Std IX, S.G.H, മുക്കുളം

ദരിദ്രയും വിധവയുമായിരുന്നു റോസ്. അവളുടെ പാദങ്ങൾ തെരുവീഥികളിലൂടെയും ഇടവഴികളിലൂടെയും ചുറ്റി സഞ്ചരിച്ചുകൊണ്ടിരുന്നു. വലിയ നഗരങ്ങൾക്കിടയിൽ റോഡിന്റെ ഒരു മൂലയിലായിരുന്നു അവളുടെ താമസം. ഒരു നേരത്തെ ആഹാരത്തിനുവേണ്ടി ഭിക്ഷ യാചിക്കുവാൻ അവൾ ഏറെ കഷ്ടപ്പെട്ടിരുന്നു. അവളുടെ വേഷവിധാനമോ ശാരീരിക പ്രകൃതിയോ കണ്ട് മനസ്സലിഞ്ഞ് ചിലർ പണം നൽകി. അവൾ അതുമായി, ഒരു നേരത്തെ ആഹാരം വാങ്ങി. ആ തെരുവിൽ തന്റെ കൂടെയുണ്ടായിരുന്ന സഹോദരങ്ങൾക്കും കൊടുക്കും. എല്ലാവർക്കും തികയില്ലെങ്കിലും ആ ഭക്ഷണത്തിന്റെ ഒരു അംശമെങ്കിലും നൽകി അവൾ അന്യർക്ക് സംതൃപ്തി നല്കി. ഇങ്ങനെ ഭിക്ഷ യാചിച്ച് വൈകുന്നേരമാകുമ്പോൾ അവൾ ഈശോയോട് എന്നും പ്രാർത്ഥിച്ചിരുന്നു. ഉത്ഥിതനായ ഈശോയുടെ ഒരു പടം അവളുടെ ചെറിയ സഞ്ചിയിൽ ഉണ്ടായിരുന്നു. അവൾ അതെടുത്ത് കണ്ണടച്ച് ഉത്ഥിതനായ ഈശോയുടെ ആ രൂപം മനസ്സിൽ കണ്ട് തന്റെ ജീവിതസാഹചര്യങ്ങളെയും കഷ്ടപ്പാടുകളെയും താനായിരിക്കുന്ന അവസ്ഥയെയും ഓർത്തുകൊണ്ട് എന്നും പ്രാർത്ഥിക്കുമായിരുന്നു. അങ്ങനെയിരിക്കെ ഒരു ദിവസം റോസ് ഭിക്ഷയാചിച്ചു കിട്ടിയ പണം കൊണ്ട് ആഹാരം വാങ്ങിച്ചു കൊണ്ടുവന്നു. സഹോദരങ്ങൾ എല്ലാം അവൾക്കു ചുറ്റും കൈനീട്ടി. എല്ലാവരുടെയും കൈവെള്ളയിൽ അവൾ ഭക്ഷണം വച്ചുകൊടുത്തു. പെട്ടെന്ന് പരിചയമില്ലാത്ത ഒരു കൈ അവൾക്കു നേരേ നീട്ടി. റോസ് കൈനീട്ടിയ ആളുടെ മുഖത്തേക്കു നോക്കി പുഞ്ചിരിച്ചു. അയാളും പുഞ്ചിരിച്ചു. എന്നിട്ട് ഭക്ഷണം അയാളുടെ കൈവെള്ളയിൽ വച്ചുകൊടുത്തു. അയാൾ അതു തിന്നു. റോസ് ചോദിച്ചു: "ഹേ മനുഷ്യാ താൻ എവിടെനിന്നാ വരുന്നത്"? റോസിന്റെ ചോദ്യത്തിന് അയാൾ ഉത്തരം പറഞ്ഞു: "അങ്ങു ദൂരെ നിന്നും". "ദൂരെ നിന്നോ? അതെവിടെയാ ആ സ്ഥലം" റോസ് ചോദിച്ചു. "ആ അതൊരു സ്ഥലമാ" എന്നു പറഞ്ഞ് അയാൾ റോസിന്റെ മുൻപിൽ നിന്നും അപ്രത്യക്ഷനായി.

സൂര്യൻ അസ്തമിച്ചു. അവൾ തന്റെ പതിവിലേക്കു കടന്നു. സഞ്ചിയിൽ നിന്നും ഉത്ഥിതനായ ഈശോയുടെ പടമെടുത്ത് അവൾ കണ്ണുകളടച്ച് പ്രാർത്ഥിച്ചു. കണ്ണുതുറന്ന് നോക്കിയപ്പോൾ അവൾക്ക് അതു വിശ്വസിക്കാനായില്ല. ഉത്ഥിതനായ ഈശോയുടെ പടത്തിൽ അതാ തന്നോടു ഭക്ഷണം വാങ്ങിച്ചു കഴിച്ചയാളുടെ രൂപം. അവൾ അത്ഭുതപ്പെട്ടു. അവൾ വീണ്ടും പടത്തിലേക്ക് നോക്കി, ഈശോയുടെ പടവും താൻ ഭക്ഷണം കൊടുത്ത ആളുടെ പടവും മാറി മാറിവരുന്നു. റോസ് അത്ഭുതപ്പെട്ടു. അപ്പോൾ അവൾക്ക് മനസ്സിലായി താൻ ഭക്ഷണം കൊടുത്ത ആൾ ഉത്ഥിതനായ ഈശോയായിരുന്നുവെന്ന്. അവൾ ഉച്ചത്തിൽ പറഞ്ഞു: 'എന്റെ കണ്ണുകൾ എത്ര ഭാഗ്യമുള്ളവ'.

വിശുദ്ധരോടൊപ്പം

# സഹനത്തീയിൽ ഉരുകിത്തെളിഞ്ഞ്...

ജിജി പുല്ലത്തിൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

നിശയുടെ നിശബ്ദതയിൽ നിശബ്ദമായി അവൾ തേങ്ങി............

അവളുടെ ആത്മാവിലും മനസ്സിലും ഇരുൾ ഗ്രസിച്ചിരിക്കുന്നു...........


കൂരിരുട്ടിന്റെ നിഴലിൽപെട്ട് ആ പാവം പേടിച്ചുപോയി.... കഴിഞ്ഞുപോയ ദിനങ്ങൾ ഒന്നൊന്നായി കാർമേഘം പോലെ അവളുടെ മനസ്സിലേക്ക് ഉരുണ്ടുകയറി. സന്തോഷത്തിന്റെ ദിനങ്ങൾ അവസാനിച്ചുവോ? കൂടെയുള്ളവൻ കൂരിരുട്ടിന്റെ താഴ്വരയിൽ ഉപേക്ഷിച്ചുവോ?.. എന്റെ സഹനാനുഭവങ്ങളുടെ അർത്ഥം എനിക്കു മനസ്സിലാകുന്നില്ലല്ലോ... നിന്റെ നാമം വിളിച്ചപേക്ഷിക്കുവാൻ എനിക്കു സാധിക്കുന്നില്ലല്ലോ... പരാതിയുടെയും ആകുലതയുടെയും പരിഭവത്തിന്റെയും കണ്ണുകളുമായി അവൾ ക്രൂശിതനെ നോക്കി.

മണവാട്ടിയുടെ ആരോപണങ്ങളുടെ കൂരമ്പുകളേറ്റപ്പോഴും ക്രൂശിതൻ കുരിശിൽ കിടന്നു പുഞ്ചിരിച്ചു. എന്നിട്ടു മെല്ലെ ചോദിച്ചു... മോളെ എന്റെ അനുഭവങ്ങളുടെ ഒരംശംപോലും എന്റെ മോൾ അനുഭവിച്ചില്ലല്ലോ... എന്നിട്ട് അവൻ അവളെ കാണിച്ചു കൊടുത്തു.....

ഗത്സേമനി അനുഭവം!!!

കൂരിരുട്ടായിരുന്ന ആ രാത്രിയിൽ കൂടെയുള്ളവരാരും കൂട്ടിനില്ലായിരുന്നു. നിദ്രാവിഹീനമായിരുന്നു എന്റെ രാത്രിയും. കഠോരമായ മനോവേദനയാൽ എന്റെ വിയർപ്പ് രക്തതുള്ളികളായി... പിതാവുപോലും എന്നെ ഉപേക്ഷിച്ചുപോയോ എന്ന് ചിന്തിച്ച നിമിഷം!!! മോളെ മനോവേദനയാൽ ഞാനും പ്രാർത്ഥിച്ചുപോയി... "പിതാവേ, കഴിയുമെങ്കിൽ ഈ പാനപാത്രം അകന്നുപോകട്ടെ..." മോളെ എന്റെ പ്രാർത്ഥനയോടൊപ്പം ഞാനിപ്രകാരം കൂട്ടിച്ചേർത്തു "പിതാവേ, കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്നകന്നുപോകട്ടെ... എങ്കിലും എന്റെ






ഇഷ്ടമല്ല, നിന്റെ ഇഷ്ടം നിറവേറട്ടെ...". പരമ പിതാവിന്റെ ഇഷ്ടം മാറ്റൊന്നായിരുന്നു. ഞാൻ കുരിശെടുക്കണമെന്നുതന്നെയായിരുന്നു അവിടുന്ന് ആഗ്രഹിച്ചത്. അവിടുത്തെ ഇഷ്ടം നിറവേറ്റിയാൽ മാത്രമേ മാനവരക്ഷ സാധ്യമാകുമായിരുന്നുള്ളൂ... മോളെ... സഹനം രക്ഷാകരമാണ്... സഹനത്തെ സ്നേഹസമ്മാനമായി സ്വീകരിക്കുമ്പോൾ അത് എത്ര സന്തോഷകരമാണെന്നോ... വിശുദ്ധരുടെ ജീവിതത്തിൽ ഉടനീളം നമുക്കു കാണാൻ സധിക്കുന്നത്... സഹനത്തെ സന്തോഷത്തോടെ പുൽകിയ നിമിഷങ്ങളാണ്.... ഒരോ



നിമിഷത്തെയും വിശുദ്ധീകരിക്കുന്നത് സഹനത്തെ സ്നേഹസമ്മാനമാക്കിക്കൊണ്ടാണ്. മോൾക്ക് ഞാനൊരു വിശുദ്ധയുടെ ജീവിതം കാണിച്ചുതരാം.

പെട്ടെന്ന്... അഭൗമികമായ ഒരു പ്രകാശത്താൽ അവളുടെ കണ്ണുകൾ ദീപ്തമായി... ജ്വലിക്കുന്ന പ്രകാശത്താൽ അവൾ വിസ്മയഭരിതയായി... ഉത്ഥിതന്റെ മടിയിൽ അഭൗമിക തേജസ്സോടുകൂടിയ ഒരു ഇടയബാലിക... അവളെത്തന്നെ കണ്ണിമയ്ക്കാതെ നോക്കിയിരുന്നപ്പോൾ ഉത്ഥിതൻ പറഞ്ഞുതുടങ്ങി... "ഇവൾ ... ജെർമ്മയിൻ... ഫ്രാൻസിലെ ടുറൂസ് പട്ടണത്തിനടുത്തുള്ള ഒരു ഗ്രാമമായിരുന്ന പിബ്രാക് അവിടെ വസിച്ചിരുന്ന ലോറന്റെ കുസിന്റെ മകളായി.... 1579 ൽ ഇവൾ പിറന്നു. അമ്മ ചെറുപ്പത്തിലേ മരിച്ചുപോയി... പിന്നീട് മറ്റുള്ളവരുടെ നിർബന്ധപ്രകാരം അപ്പൻ വിവാഹിതനായി.

ക്രൂരമായ മനസ്സായിരുന്നു രണ്ടാനമ്മയുടേത്.... ജെർമ്മയിന്റെ കഴുത്തിലെ പാടിലേക്കു ഉത്ഥിതൻ നോക്കിയപ്പോൾ ആ മുഖത്തെ പുഞ്ചിരി ഒന്നു കാണേണ്ടതു തന്നെയായിരുന്നു. മടിയിലിക്കുന്ന ജെർമ്മയിന്റെ കഴുത്തിൽ സ്നേഹത്തോടെ തലോടിക്കൊണ്ടു ക്രൂശിതൻ പറഞ്ഞു.... വളരെ ചെറുപ്പത്തിലേ തന്നെ ഇവൾക്ക് കണ്ഠമാല എന്ന അസുഖം ബാധിച്ചിരുന്നതുകൊണ്ട് കഴുത്തിലെ ഗ്രന്ഥികൾ നീരുവന്നു വീർത്ത് പൊട്ടിയിരുന്നു. ഇവ ഒരിക്കലും സുഖമാക്കപ്പെട്ടിട്ടില്ലായിരുന്നു. ഭാഗികമായി തളർന്ന വലം കൈ ഇവൾക്ക് സ്വർഗ്ഗത്തിൽ സമ്മാനം നേടികൊടുത്തു!!! ദൈവപിതാവിന്റെ സ്നേഹം ജെർമ്മയിന് കൂടുതൽ അനുഭവവേദ്യമായത് രണ്ടാനമ്മയുടെ സ്നേഹരാഹിത്യത്തിലൂടെയായിരുന്നു. സാധുവായ ജെർമ്മയിനോട് എത്രമാത്രം ക്രൂരമായി പെരുമാറാമോ അത്രമാത്രം ക്രൂരമായി അവർ പെരുമാറി.

പെട്ടെന്ന് ജെർമ്മയിൻ സംസാരിച്ചുതുടങ്ങി.... എന്റെ മണവാളനായ ഈശോയോട് എത്രമാത്രം അനുരൂപപ്പെടാമോ അത്രമാത്രം അനുരൂപപ്പെടാനുള്ള അവസരമായിട്ടാണ് രണ്ടാനമ്മയുടെ ക്രൂരതകളെ ഞാൻ കണ്ടത്. ഉത്ഥിതൻ ഇടയ്ക്കുകയറി.... സംഭാഷണത്തെ മുറിച്ചു.... പിന്നീട് അവളുടെ മുഖത്തു തലോടിക്കൊണ്ട് പറഞ്ഞു.... ക്രൂരമായി പ്രഹരിക്കുമ്പോഴും അതിൽ നിന്നും ഒഴിഞ്ഞുമാറാതെ അതുമുഴുവൻ ഏറ്റെടുത്തു... താങ്ങാനാകാതെ തളർന്നുവീഴുമ്പോഴും രണ്ടാനമ്മയെ വെറുക്കാതെ സ്നേഹിക്കാനാണ് ജെർമ്മയിൻ ശ്രമിച്ചത്. ക്രൂരമായ പ്രഹരം കാരണം എപ്പോഴും വീങ്ങിയാണ് ഈ മുഖമിരുന്നത്. ശരീരം മുഴുവൻ ചതവുകളും മുറിപ്പാടുകളുമായിരുന്നു. എന്നിട്ടും അവൾ പരാതിപറഞ്ഞില്ല. ഒരു നേരത്തെ ഭക്ഷണം പോലും ഈ കുഞ്ഞിന് രണ്ടാനമ്മ നൽകിയില്ല. വിശപ്പിന്റെ കാഠിന്യം നിമിത്തം നായ്ക്കൾക്കു കൊടുക്കുന്ന ഭക്ഷണ

മാണ് ഇവൾ ഭക്ഷിച്ചിരുന്നത്. എന്നിട്ടും ഇവൾക്ക് പരാതിയും പരിഭവവുമില്ലായിരുന്നു. തണുപ്പിൽ നിന്ന് രക്ഷപെടാനാവശ്യമായ കമ്പിളിവസ്ത്രങ്ങളും എന്തിന് കീറിത്തുന്നിയതല്ലാത്ത ഒരു വസ്ത്രം പോലും കിട്ടാനില്ലായിരുന്നു ജെർമ്മയിന്.

കണ്ഠമാല തന്റെ കുഞ്ഞുങ്ങൾക്കും പകരുമെന്നു ഭയന്ന് രണ്ടാനമ്മ സ്വന്തം വീടായ കുസീൻ ഭവനത്തിൽ കിടക്കാനൊരിടം ജർമ്മയിനു നിഷേധിച്ചു. അതിനാൽ ആടുകളെയും കോഴികളെയും വളർത്തുന്ന പാർപ്പിടത്തിൽ ഒരു ഗോവണിക്കു താഴെയായി... കമ്പുകളും ഇലകളും കൊണ്ടുള്ള തന്റെ കിടക്കയിൽ അവൾ രാത്രികൾ ചെലവഴിച്ചു. എന്റെ കുഞ്ഞ് ഒത്തിരി സഹിച്ചു എന്ന് പറഞ്ഞു മണവാട്ടിയെ ചേർത്തുപിടിച്ചപ്പോൾ അവൾ പറഞ്ഞു... "ആ രാത്രികളൊക്കെ എനിക്ക് ഹൃദ്യമായിരുന്നു. നിന്നോടു സംസാരിക്കാനുള്ള രാത്രികളായിരുന്നു... അതുകൊണ്ട് എന്റെ സഹനങ്ങളൊക്കെ എനിക്ക് മധുരകരമായിരുന്നു".

കാലം കടന്നുപോയി... ജെർമ്മയിന് വിവാഹപ്രായമായിത്തുടങ്ങി... അവളെ വിവാഹം കഴിക്കാൻ ആരും തയ്യാറാവില്ലെന്ന് രണ്ടാനമ്മയ്ക്ക് അറിയാമായിരുന്നു. അതിനാൽ ജീവിതകാലം മുഴുവൻ അവളെ തീറ്റിപ്പോറ്റേണ്ടിവരുമെന്നുള്ള ചിന്ത അവരെ കുപിതയാക്കി. നിറയെ ചെന്നായ്ക്കളുള്ള വനത്തിലേക്ക് ആടുമേയ്ക്കാനായി അവളെ പറഞ്ഞയയ്ക്കുകയുണ്ടായി. എന്നാൽ അവിടെയെല്ലാം ഞാൻ ജർമ്മയിനോടൊപ്പം ഉണ്ടായിരുന്നു...


ഇരുവരും പരസ്പരം മുഖത്തുനോക്കി പുഞ്ചിരിച്ചപ്പോൾ പരാതിക്കാരി നാണത്തോടെ തലതാഴ്ത്തി... തലതാഴ്ത്തിയവളെയും മാറോടുചേർത്ത് ഉത്ഥിതൻ സ്നേഹത്തോടെ തുടർന്നു. തന്റെ വടി കുത്തിനിർത്തിയിട്ട് ഇതിനുചുറ്റും മേയുക എന്ന് ആടുകളോട് പറഞ്ഞുകൊണ്ട് ജെർമ്മയിൻ പിബോക്ക് ദൈവാലയത്തിലെത്തി ബലിയർപ്പിക്കുമായിരുന്നു.... ഇവളുടെ ജീവിതത്തിലുണ്ടായ ഒരുപാടു അത്ഭുതങ്ങൾ...... അത്രയും പറഞ്ഞപ്പോഴേക്കും ജെർമ്മയിൻ സ്നേഹസ്വാതന്ത്ര്യത്തോടെ കർത്താവിന്റെ കരം കവർന്നു... പിന്നീട് അവളുടെ ആംഗ്യങ്ങൾ വേണ്ടെന്നായിരുന്നു...

സഹനത്തെക്കുറിച്ച് മാത്രം പറയുന്നതായിരുന്നു അവൾക്ക് സന്തോഷം... രണ്ടാനമ്മയുടെ അതിക്രൂരമായ മർദ്ദനങ്ങളുടെ ചിത്രങ്ങളെല്ലാം പരാതിക്കാരിയുടെ മുൻപിൽ ഒരു സിനിമയിലെന്നപോലെ കടന്നുപോയി. 1601 ലെ ജൂൺമാസം 15-ാം തീയതി... പീഡാനുഭവങ്ങളുടെയും സഹനങ്ങളുടെയും തിരസ്കരണങ്ങളുടെയും നടുവിൽ നിന്ന് ജെർമ്മയിൻ സ്വർഗ്ഗത്തിലേക്ക് കരേറ്റപ്പെട്ടു. 1867 ൽ സഭ ജെർമ്മയിനെ വിശുദ്ധയായി അൾത്താരയിലേക്കുയർത്തി...

അഭൗമികമായ തേജസ്സിൽ മുഴുകിയിരുന്നപ്പോൾ.... വി. ജെർമ്മയിനെ നോക്കി.... അവൾ പാടി... വിജയം മരണത്തെ ഗ്രസിച്ചു

*"മൃതിയുടെ അധികാരം*
*തകരുകയാൽ നിങ്ങൾ*
*നുകരുക സന്തോഷം*
*സഹനം വഴിയായ് മൃതിയുടെമേല്*
*വിജയം നേടിയ മിശിഹാതൻ*
*ഉത്ഥാനത്താലായുസ്സിൻ*
*വാതിൽ മർത്യൻ കണ്ടെത്തി*
*കർത്താവിൻ-നാമം വാഴ്ത്തീടാം"*

(ഉയിർപ്പുകാലം വെള്ളി റംശാ, ഓനീസാ ദക്ദം...)





# ഈശോയുടെ കത്ത്



അമല

എന്റെ കുഞ്ഞുകൂട്ടുകാരേ,

പൂക്കളുടെയും പൂമ്പാറ്റകളുടെയും ഈ ലോകത്ത് പുത്തുമ്പിയായി പാറിനടക്കുന്ന നിങ്ങൾക്ക് സുഖം തന്നെയല്ലേ..... കളിച്ചും പഠിച്ചും പാട്ടുകൾ പാടി രസിച്ചും ജീവിതം സുന്ദരമാക്കുകയാണല്ലേ നിങ്ങൾ. ഞാനൊന്നു ചോദിക്കട്ടെ..... ആരാ നിങ്ങളുടെ ഏറ്റവും പ്രിയപ്പെട്ട കൂട്ടുകാരൻ..... ആ, അതു ഞാൻ (ഈശോ) തന്നെയല്ലേ?

നിങ്ങളുടെ സ്നേഹമുള്ള മാതാപിതാക്കളിലൂടെയും ചേട്ടനിലൂടെയും ചേച്ചിയിലൂടെയും അനുജനിലൂടെയും അനുജത്തിയിലൂടെയും കൂട്ടുകാരിലൂടെയും എല്ലാം എന്റെ സ്നേഹവുമായി ഞാൻ നിങ്ങളുടെ അടുക്കൽ തന്നെയുണ്ട്. അവരുമായി എന്റെ കുഞ്ഞുമക്കൾ സന്തോഷത്തോടെ, അനുസരണയോടെ നല്ല കുഞ്ഞുങ്ങളായി ജീവിക്കുമ്പോൾ നിങ്ങളുടെ ഈ 'കൂട്ടുകാരൻ' നിങ്ങളുടെ ചാരത്തുതന്നെയുണ്ട്. നമുക്ക് ഒരുമിച്ച് ദൈവപിതാവിന്റെ സ്നേഹത്തിലേക്ക് വിശുദ്ധിയുള്ള കുഞ്ഞുങ്ങളായി വളരാം.


സ്നേഹപൂർവ്വം, ആശംസകളോടെ.....

ഈശോ

സുകൃതജപം ചൊല്ലാം

"ഈശോയേ, എന്റെ പ്രിയപ്പെട്ട കൂട്ടുകാരാ,
ഞാൻ നിന്നെ സ്നേഹിക്കുന്നു"

## ഈശോ എന്റെ കൂട്ടുകാരൻ





# അമ്മയോടൊപ്പം അനുഗ്രഹവഴിയേ



സിജി കുന്നത്ത്
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

## മഹിമയുടെ രഹസ്യങ്ങൾ

എത്രയും പരിശുദ്ധയായ അമ്മേ, കാലിക്കൂടു മുതൽ കാൽവരിവരെ തിരുക്കുമാരനോടൊപ്പം നടന്ന്, അവിടുത്തെ മഹത്ത്വത്തിൽ പങ്കുചേർന്ന പരിശുദ്ധമായ അങ്ങയുടെ ജീവിത യാത്രയെ ഞങ്ങൾ ധ്യാനിക്കട്ടെ. തിരുക്കുമാരന്റെ പക്കൽ മാധ്യസ്ഥ്യമേകുന്ന പരി. അമ്മേ, ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമെ.

**ഒന്നാം ദിവ്യരഹസ്യം:** *സഹനത്തെ നന്മയുടെ വിത്താക്കിയ പരി. അമ്മ.*

മനുഷ്യരക്ഷകനായ ഈശോയുടെ പീഡാനുഭവ യാത്രയിലും കുരിശുമരണത്തിലും പരി. അമ്മ കൂടെനിന്നു. ഞങ്ങളുടെ ജീവിതത്തിലും സഹനങ്ങളെ സ്വീകരിക്കുവാനും സഹിക്കുന്നവരെ ആശ്വസിപ്പിക്കാനുമുള്ള നല്ല മനസ്സ് രൂപപ്പെടുത്തിയെടുക്കുവാൻ അമ്മേ ഞങ്ങൾക്കായി മാദ്ധ്യസ്ഥ്യം വഹിക്കേണമേ.

**രണ്ടാം ദിവ്യരഹസ്യം:** *നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ തുളച്ചുകയറും എന്ന വാക്ക് മനസിൽ സൂക്ഷിച്ച പരി. അമ്മ.*

ഈശോയുടെ പരിച്ഛേദന ദിനത്തിലെ ശിമയോന്റെ വാക്കുകൾ തന്റെ ജീവിതത്തിൽ പൂർത്തിയായപ്പോൾ ആരെയും പഴിക്കാതെ എല്ലാം തന്റെ തിരുക്കുമാരന്റെ കൂടെ ജീവിച്ചുതീർത്ത പരി. അമ്മ. ദൈവസ്നേഹത്തിന്റെ തണലിൽ അഭയം തേടിയ പരി. അമ്മേ, ഞങ്ങളുടെ ജീവിതവും പലവിധ വേദനകളാലും കുറവുകളാലും ആടിയുലയുമ്പോൾ ഞങ്ങൾക്കായി മാദ്ധ്യസ്ഥ്യം വഹിക്കേണമേ.

**മൂന്നാംദിവ്യരഹസ്യം:** *കുരിശിൽ ഉയർത്തപ്പെട്ട മിശിഹായോടൊപ്പം നിന്ന പരി. അമ്മ.*

നമ്മുടെ രക്ഷയ്ക്കുവേണ്ടി കുരിശുമരണം ഏറ്റെടുത്ത കർത്താവിനെ നമുക്കു ധ്യാനിക്കാം. കുരിശിൽ കിടന്നുകൊണ്ട് അവിടുന്നു പറഞ്ഞു: കർത്താവേ ഇവരോടു ക്ഷമിക്കേണമേ. ക്ഷമകൊടുക്കുന്നവരും സ്വീകരിക്കുന്നവരുമായി മിശിഹായെ അനുഗമിക്കുന്ന യഥാർത്ഥ ക്രിസ്തു ശിഷ്യരാക്കി ഞങ്ങൾ മാറുവാൻ പരി. അമ്മേ, ഞങ്ങൾക്കായി മാദ്ധ്യസ്ഥ്യം വഹിക്കേണമേ.

**നാലാം ദിവ്യരഹസ്യം:** *നമ്മുടെ വിശ്വാസത്തിന്റെ പൂർത്തീകരണമായ മിശിഹായുടെ ഉത്ഥാനത്തിൽ പങ്കുചേർന്ന പരി. അമ്മ.*

വിശ്വാസത്തിൽ ഞങ്ങളുടെ ജീവിതത്തെ പുഷ്ടിപ്പെടുത്തുവാൻ ജീവന്റെയും മരണത്തിന്റെയും നാഥനായ മിശിഹായേ, ഞങ്ങളെ അനുഗ്രഹിക്കണമേ. ഞങ്ങളുടെ പാപങ്ങളിൻമേൽ മരിക്കാനും ഉയിർപ്പിന്റെ പുതുലോകം സംജാതമാകുവാനുമുള്ള കൃപയ്ക്കായി പരി. അമ്മേ, ഞങ്ങൾക്കായി മാദ്ധ്യസ്ഥ്യം വഹിക്കേണമേ.

**അഞ്ചാം ദിവ്യരഹസ്യം:** *സഭയാകുന്ന വിത്ത് മുളയെടുത്ത നേരം പ്രാർത്ഥനയോടെ ശക്തിപകരുന്ന പരി. അമ്മ*

സഭയാകുന്ന മിശിഹായുടെ ശരീരം പടർന്നു പന്തലിക്കാൻ, അത് അതിന്റെ എല്ലാ സവിശേഷതകളോടും കൂടെ നിലനിൽക്കാൻ, സഭാമക്കൾ ഭൂമിയുടെ ഉപ്പും ലോകത്തിന്റെ ദീപവുമായിത്തീരാൻ പരി. അമ്മേ, ഞങ്ങൾക്കു വേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കേണമേ.

അമ്മേ ദയയുള്ള കന്യകേ, ക്രിസ്ത്യാനികളുടെ സഹായമേ, രോഗികളുടെ ആരോഗ്യമേ, സ്വർഗ്ഗത്തിന്റെ വാതിലേ, വിശ്വസ്തരും സ്നേഹമുള്ളവരും അനുദിന ജീവിതത്തെ വിശുദ്ധീകരിക്കുന്നവരുമായിത്തീരാൻ ഞങ്ങളെ സഹായിക്കണമേ. അങ്ങനെ ഈ ലോകം എല്ലാവരും വിശുദ്ധർ എല്ലാവരും സഹോദരർ എന്ന യാഥാർത്ഥ്യത്തിലേക്ക് എത്തിച്ചേരുവാൻ കൃപചെയ്യേണമെ, ആമേൻ.







# കഴുതയുടെ ദുർവിധി

ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ

"സിസ്റ്ററേ, ഇവനെന്റെ ഉടുപ്പേൽ കുത്തിവരച്ചു". കഴിഞ്ഞ ദിവസം സൺഡേ സ്കൂളിൽ ഇന്റർവെൽ സമയത്ത് ഒരു സ്ക്രീനിനപ്പുറത്തെ ക്ലാസിൽ നിന്ന് ഉയർന്നുകേട്ട ഒരു നാലാം ക്ലാസുകാരന്റെ പരാതിയാണ്.

പ്രതിയും ഒരു നാലാം ക്ലാസുകാരൻതന്നെ. അവന്റെ നേരെ സിസ്റ്ററൊന്നു കണ്ണുരുട്ടിയപ്പോൾ അവന്റെ പ്രതികരണം ഇങ്ങനെയായിരുന്നു: "സിസ്റ്ററേ, സിസ്റ്ററേ ഇവനില്ലേ, ഇന്നാളൊരു ദിവസം ഇവന്റെ ചേച്ചിയെ പട്ടീന്നു വിളിച്ചു".


വാദിയും വിട്ടുകൊടുത്തില്ല. "ഓഹാ, നിയിന്നാളും ടീച്ചറ് വഴക്കുപറഞ്ഞപ്പം ടീച്ചറിനെ കൊഞ്ഞനംകുത്തി കാണിച്ചില്ലേടാ?" ആരോപണങ്ങളും പ്രത്യാരോപണങ്ങളും കൂടിക്കൊണ്ടിരുന്നു. ഞാനെഴുന്നേറ്റ് അവരെ സമീപിക്കുന്നതിനുമുമ്പുതന്നെ എന്റെ കാൽപ്പെരുമാറ്റം കേട്ട് സർവപരാതിയും പിൻവലിച്ച് രണ്ടുപേരും സ്ഥലം വിട്ടു...

ഈ നാളുകളിലെ മാധ്യമവിഭവങ്ങൾ ശ്രവിച്ചപ്പോൾ ഇതുപോലൊരനുഭവമാണ് തോന്നുന്നത്. രാഷ്ട്രീയക്കാരും ന്യായാധിപന്മാരുമൊക്കെ കൊച്ചുകുട്ടികളെപ്പോലെ പരസ്പരം ചീത്ത വിളിച്ചുകൊണ്ട് പരാതി പ്രളയമൊഴുക്കുകയാണ് കുറേ നാളുകളായി. രാഷ്ട്രീയത്തിലെ അഴിമതിയും നീതിന്യായ വ്യവസ്ഥകളിലെ ജീർണതകളുമൊന്നും ഇന്നു സാധാരണക്കാരന് പുതുമയുള്ള വാർത്തയേയല്ല. അതുകൊണ്ടുതന്നെ അതേക്കുറിച്ചെഴുതി മെനക്കെടാനുദ്ദേശിക്കുന്നുമില്ല. പക്ഷേ ഈ സംഭവങ്ങളെ മറ്റൊരു വീക്ഷണകോണിൽ നിന്ന് വിലയിരുത്തുമ്പോൾ ഇന്ന് സമൂഹത്തിൽ വളർന്നുകൊണ്ടിരിക്കുന്ന പുതിയൊരു നീതിബോധത്തെക്കുറിച്ച് കുറിക്കാതെ വയ്യ.

ചില രാഷ്ട്രീയ നേതാക്കളും ന്യായാധിപന്മാരും കുറേ നാളുകളായി തങ്ങളുടെ എതിരാളികളായി മാറിയ ചിലരുടെ പല രഹസ്യങ്ങളും പുറത്തുവിട്ടുകൊണ്ടിരിക്കുകയാണ്. ഓരോ ദിവസവും പുതിയ പുതിയ ആരോപണങ്ങളും പ്രത്യാരോപണങ്ങളുംകൊണ്ട് മാധ്യമങ്ങൾ നിറയുന്നു. ഇവിടെയുയരുന്ന ഒരു ചോദ്യം എന്തുകൊണ്ട് ഇത്രയുംകാലം ഈ അഴിമതിയും തെറ്റുകളും പൊതുസമൂഹത്തിൽനിന്ന് ഇവർ മറച്ചുപിടിച്ചു എന്നതാണ്. അഴിമതിയോടു യാതൊരു വിട്ടുവീഴ്ചയുമില്ലെന്ന് പ്രസംഗിക്കുമ്പോൾതന്നെ ഈ ചോദ്യം അവരുടെ വാക്കു മുട്ടിക്കും. ചുരുക്കത്തിൽ തന്റെ ഉടുപ്പിൽ ആരെങ്കിലും കുത്തിവരച്ചാൽ അവനെ പ്രതിരോധിക്കാൻവേണ്ടി സൂക്ഷിച്ചുവച്ചിരിക്കുന്നതല്ലേ ഈ അഴിമതികഥകൾ! അപ്പോൾ പിന്നെ അഴിമതി നടത്തിയവരും അതു കണ്ടുപിടിച്ച് അവർക്കെതിരെ ആയുധമാക്കാൻ അതു രഹസ്യമായി സൂക്ഷിച്ചുവച്ചവരും പൊതുസമൂഹത്തിനുമുമ്പിൽ ഒരുപോലെ തെറ്റുകാർ തന്നെ. ശമ്പളമെന്ന പേരിൽ ലക്ഷങ്ങൾ നല്കി തങ്ങളെ തീറ്റിപ്പോറ്റുന്ന പൊതു സമൂഹത്തിനു മുമ്പിൽ ഈ വിഴുപ്പലക്കൽ നടത്താൻ സാധിക്കുന്ന ഇവരുടെയൊക്കെ തൊലിക്കട്ടി അപാരംതന്നെ!

ഗാലറിയിലിരുന്ന് കളികാണുന്ന കാണികളുടെ റോളിലേക്ക് സമൂഹം മാറ്റപ്പെട്ടിരിക്കുകയാണ്. ഇവിടെ ആരു ജയിക്കും ആരു തോല്ക്കുമെന്ന് ആവേശത്തോടെ സ്കോർ എണ്ണി ഓരോ ദിവസവും മാധ്യമവിചാരണയ്ക്കു മുമ്പിൽ നാമിരിക്കുന്നു. വാദികളും പ്രതികളും യഥാർത്ഥത്തിൽ അരങ്ങുനിറഞ്ഞാടുന്നത് സ്വന്തം തലയിൽ ചവിട്ടിനിന്നാണെന്ന വിചാരമില്ലാതെ പൊതുസമൂഹം കളിയാസ്വദിക്കുകയാണ്. പൊതുജനം കഴുതയെന്ന് നിർവചിച്ചവന്റെ വിജ്ഞാനത്തിനുമുമ്പിൽ പ്രണാമം!

"ഇതാകുന്നു ദൈവഹിതം - നിങ്ങളുടെ വിശുദ്ധീകരണം"
(1 തെസ 4,3).



ദൈവദാസൻ
ബിഷപ് വില്യം ജക്വീന്താ

## നമുക്ക് വിശുദ്ധരാകാം


- "അനുദിനജീവിതത്തിലെ നിസ്സാരകാര്യങ്ങളിൽ വിശ്വസ്തരായിരുന്നുകൊണ്ടുമാത്രമേ വിശുദ്ധരാകാൻ സാധിക്കൂ".
- "വിശുദ്ധിക്ക് ഒരു മുഖം മാത്രമേ ഉള്ളൂ. സ്നേഹത്തിന്റെ മുഖം".
- "നമ്മുടെ പാവപ്പെട്ട വിശുദ്ധി ലോലമായ ഒരു കടലാസുപോലെയാകുന്നു. ദൈവസ്നേഹത്താൽ അതിന്റെ ഘനം കൂട്ടുന്നതിനു നമുക്കു സാധിക്കണം".
- "യഥാർത്ഥവും വിശ്വസനീയവുമായ വിശുദ്ധി ലാളിത്യത്തിന്റെ മാതാവായ എളിമയിൽ അടിയുറച്ചതാണ്".
- "വിശുദ്ധി ഒരു യാത്രയാണ്. കണ്ണുകളടച്ച് പിതാവിന്റെ കൈകളിൽ കരങ്ങൾവച്ച് വിശ്വസ്തതയോടുകൂടിയ ചുവടുവയ്പുകളിലൂടെ ലക്ഷ്യത്തിലെത്തുന്ന ഒരു യാത്ര".

ദൈവദാസൻ ബിഷപ് വില്യം ജക്വീന്താ

പ്രതീക്ഷയുടെ
# പൂമൊട്ടുകൾ

കാവൽക്കാരാലാവൃതമാം,
കല്ലറ മുദ്രിതമെന്നാലും
മിശിഹാ നാഥനുയിർത്തല്ലോ.
മഹിതോജ്ജ്വലമീയുത്ഥാനം
മനസ്സിൽ ധ്യാനിച്ചനുവേലം
ആരാധിച്ചു വണങ്ങുന്നേൻ.

(ഉയിർപ്പുകാലം, ഞായർ റംശാ)



For private circulation only
പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്